# ആത്മപ്രകാശിനി

## 2009 ജൂൺ

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപൊകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of "Athmaprakashini, Kumbanad".**

# Athmaprakashini

# അകത്താളുകളിൽ


**യേശുക്രിസ്തു മദ്ധ്യത്തിൽ**
ഡോ. ഒ.എം. ശാമുവേൽ ................. 3

**ദൈവത്തിന്റെ ത്രയേകത്വത്തെ . . . . .**
ഡോ.കെ.സി. ജോൺസൺ ............. 4

**ആരാധന പുതിയനിയമത്തിൽ**
എസ്. ജി. ഗിൽബർട്ട് ......................... 8

**ആഖോർ താഴ്വരയിലെ . . . .**
വിൽസൺ വർഗീസ് ........................ . 9

**വഞ്ചനയിൽ മനുഷ്യന്റെ പങ്ക്**
വി. എം. ജോൺ ................................ 11

**ഓർമ്മകളിലൂടെ കണ്ടെത്തൽ**
സി.ജെ. ചാക്കോ ............................... 12

**ദൈവത്തെ അറിയുന്ന തലമുറ**
സണ്ണി റ്റി. ഫിലിപ്പ് ............................ 14

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. ശാമുവേൽ ................. 15

**സഹോദരിമാരുടെ ശുശ്രൂഷകൾ**
ചെല്ലമ്മ ശാമുവേൽ ........................... 17

**അനുസ്മരണം**
ജോർജ്ജ് സി. വർഗീസ് ................... 19

**ബൈബിൾ പ്രശ്നാവലി ..............** 20

**വാർത്തകളും, കുറിപ്പുകളും** 20


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തോടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVIII** **No.6**

## 2009 ജൂൺ

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
**athmaprakashini@gmail.com**
**+919447265500**

# യേശു ക്രിസ്തു മദ്ധ്യത്തിൽ

ഡോ. ഒ.എം. ശാമുവേൽ

**ദൈ**വം വീണ്ടെടുക്കപ്പെട്ട ജനത്തിന്റെ മദ്ധ്യത്തിൽ വാസം ചെയ്വാൻ ആഗ്രഹിക്കുന്നു. യിസ്രായേൽ മക്കൾ മിസ്രയീമിൽ നാനൂറ്റിചില്ലാനം വർഷം താമസിച്ചിട്ടും ദൈവം അവരുടെ മദ്ധ്യത്തിൽ പാർപ്പാൻ ആഗ്രഹിച്ചിരുന്നില്ല. എന്നാൽ പെസഹാ കുഞ്ഞാടിന്റെ രക്തത്താലും യഹോവയുടെ ബലമുള്ള ഭുജം കൊണ്ടും വീണ്ടെടുക്കപ്പെട്ട ജനം മരുഭൂമിയിൽ വന്നപ്പോൾ ദൈവം അവരോട് ആവശ്യപ്പെടുന്നത് ഞാൻ അവരുടെ മദ്ധ്യത്തിൽ വസിപ്പാൻ അവർ എനിക്ക് ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കണം എന്നാണ്. രക്ഷിത ഗണത്തോടുകൂടി മാത്രമേ ദൈവം വാസം ചെയ്യുകയുള്ളൂ. യിസ്രായേൽ ദൈവത്തിനെതിരായി പിറു പിറുക്കുകയും മത്സരിക്കുകയും ചെയ്തിട്ടും ദൈവം അവരോടുകൂടി വാസം ചെയ്തിരുന്നു. വാഗ്ദത്ത ദേശത്തു ചെന്നുകഴിഞ്ഞതിനുശേഷം സമാഗമനകൂടാരത്തിനു പകരം ദൈവാധിവാസത്തിനായി മനോഹരമായ ദൈവാലയം പണിതു. എന്നാൽ ജനം മത്സരഗൃഹമായി മാറിയപ്പോൾ ദൈവമഹത്വം യിസ്രായേൽ ജനത്തെ വിട്ടുപോകുന്നതായി യെഹസ്കേൽ പ്രവചനത്തിൽക്കൂടി നാം ഗ്രഹിക്കുന്നു (അദ്ധ്യായം 10). ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേലിനുണ്ടായ ആത്മീയ പരാജയം പുതിയനിയമ സഭയ്ക്കും സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള സത്യം ദൈവജനം ഗ്രഹിക്കുന്നില്ല എന്നുള്ളത് ഖേദകരം തന്നെ. “കാണ്മാൻ കണ്ണുണ്ടെങ്കിലും അവർ കാണുന്നില്ല; കേൾപ്പാൻ ചെവിയുണ്ടെങ്കിലും അവർ കേൾക്കുന്നില്ല. അവർ മത്സരഗൃഹമല്ലോ”, എന്നുള്ള ദൈവത്തിന്റെ വാക്കുകൾ ഇന്നത്തെ ദൈവജനത്തോടുള്ള ബന്ധത്തിലും അന്വർത്ഥം തന്നെ (യെഹ. 12:1).

നമ്മുടെ കൂടിവരവുകളിൽ ആവർത്തിക്കാറുള്ള ഒരു തെറ്റായ ഉദ്ധരണി ഇവിടെ സൂചിപ്പിക്കട്ടെ. “രണ്ടോ മൂന്നോ പേർ എവിടെ കൂടിയാലും അവരുടെ മദ്ധ്യത്തിൽ ഞാനുണ്ട്” ഇങ്ങനെ ഒരു വാക്യം വേദത്തിലില്ല. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നാണ് കർത്താവിന്റെ വാഗ്ദത്തം. യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി അംഗീകരിക്കുന്നവർ യേശുക്രിസ്തുവിന്റെ മഹനീയ നാമത്തിൽ കൂടിവരുന്ന കൂടിവരവുകൾ ആണ് യഥാർത്ഥത്തിൽ കർത്താവിന്റെ സാന്നിദ്ധ്യവും അനുഗ്രഹവും പകരുന്നവ. ഈ സത്യം തിരുവചന ത്തിലെ മഹനീയമായ ഒരു മാറ്റമില്ലാത്ത ഉപദേശസത്യമാണ്. വേർപെട്ട ദൈവജനത്തിന്റെ ഒരു സവി ശേഷതയാണ് ഈ മഹനീയ സത്യം. എന്നാൽ ഇന്ന് ഈ മഹനീയ സത്യത്തിന് മൂല്യച്യുതി സംഭവിച്ചു കൊണ്ടിരിക്കുന്നു എന്നത് നാം അറിയുന്നില്ല. നമ്മുടെ കൂടിവരവുകളിൽ ലോകത്തിന്റെ ദൃഷ്ടിയിൽ മറ്റു പലതും ഉണ്ടായിരിക്കാം. എന്നാൽ യേശുക്രിസ്തുവിന്റെ മഹനീയ സാന്നിദ്ധ്യം ഉറപ്പു വരുത്തുവാൻ നമുക്കു സാധിക്കുന്നുണ്ടോ?

വിശുദ്ധ ബൈബിളിലെ അവസാന പുസ്തകമായ വെളിപ്പാടു പുസ്തകത്തിന്റെ ആരംഭത്തിൽ യോഹന്നാൻ അപ്പൊസ്തലൻ യേശുക്രിസ്തുവിന്റെ സാക്ഷ്യവും ദൈവവചനവും കാരണം പത്മോ സിലെ കരിമ്പാറക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ ഏകനായി കഴിയുന്ന ചിത്രം നാം കാണുന്നു. എന്നാൽ ഈ പ്രതികൂല സാഹചര്യങ്ങളിൽ പോലും കർത്തൃദിവസത്തിൽ താൻ ആത്മവിവശതയിൽ ആയിത്തീരുന്ന ദൃശ്യം ചിന്തനീയമാണ്. ആത്മവിവശനാകുക എന്നതിന്റെ ലഘുവായ വ്യാഖ്യാനം പൂർണ്ണമായും ആത്മാവിലായിത്തീരുക എന്നേയുള്ളൂ. പൂർണ്ണമായും ആത്മാവിന്റെ നിയന്ത്രണത്തിൽ ആയിത്തീർന്നു. ഏതാണ് ഈ കർത്തൃദിവസം? വ്യാഖ്യാനങ്ങൾ പലതുണ്ടെങ്കിലും അംഗീകരിക്കാനാവുന്ന ലളിതമായ അർത്ഥം നാം പ്രാധാന്യം നൽകുന്ന ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമാണ്. ദൈവമക്കൾ എല്ലാ സമ യത്തും ആത്മാവിന്റെ നിയന്ത്രണത്തിലായിരിക്കണം. പ്രത്യേകിച്ച് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമുള്ള നമ്മുടെ കൂടിവരവുകളിൽ ഈ ആത്മവിവശത നമ്മുടെയും അനുഭവമായിത്തീരട്ടെ.

വെളിപ്പാടു പുസ്തകം 1-ാം അദ്ധ്യായത്തിൽ 7 നിലവിളക്കുകളുടെ നടുവിൽ മഹത്വ സമ്പൂർണ്ണനായ യേശുക്രിസ്തുവിന്റെ മഹത്വരൂപത്തിന്റെ ഒരു ചിത്രം പരിശുദ്ധാത്മാവ് നൽകിയിട്ടുണ്ട്. സഭാകാന്തനായ കർത്താവ് സഭയുടെ ഏത് ആവശ്യത്തിനും മതിയായവനായി സഭകളുടെ നടുവിൽ നടക്കുന്നവനാണ്. ഈ അടിസ്ഥാന സത്യം നാം ഗ്രഹിച്ചിരിക്കണം. തുടർന്നുള്ള അദ്ധ്യായങ്ങളിൽ ആസ്യയിലെ 7 സഭകൾക്കുള്ള സഭാകാന്തന്റെ അനുഗ്രഹീത സന്ദേശങ്ങളാണ്. സഭയുടെ പ്രവർത്തനങ്ങളെയും നന്മക

# ദൈവത്തിന്റെ ത്രിയേകത്വത്തെക്കുറിച്ചുള്ള ഒരു പഠനം

ഡോ. കെ.സി. ജോൺസൻ, മാവേലിക്കര

**ബൈ**ബിൾ പഠിപ്പിക്കുന്ന ഉപദേശങ്ങളെക്കുറിച്ച് വ്യക്തമായ അറിവ് ഇല്ലാത്തതുമൂലം ദുരൂപദേശങ്ങൾ വിശ്വസിക്കുകയും അവയെ പഠിപ്പിക്കുകയും അതിനുവേണ്ടി സഭകളിൽ പ്രശ്നമുണ്ടാക്കുകയും ചെയ്യുന്ന വിശ്വാസികളും സുവിശേഷകന്മാരും മൂപ്പന്മാരും ഉപദേഷ്ടാക്കന്മാരും ഇന്നുണ്ട്. ത്രിയേക ദൈവത്തെക്കുറിച്ചും ദൈവത്വത്തിലെ മൂന്ന് ആളത്വങ്ങളെക്കുറിച്ചും അവരുടെ പ്രവർത്തന രീതികളെക്കുറിച്ചും പല വിശ്വാസികളും ഇന്ന് അജ്ഞരാണ്. ഈ അജ്ഞത നിമിത്തം ദൈവത്തോട് പ്രാർത്ഥിക്കേണ്ട നിലയിൽ പ്രാർത്ഥിക്കുന്നതിനും ദൈവത്തെ ആരാധിക്കേണ്ട നിലയിൽ വചനപ്രകാരം ആരാധിക്കുന്നതിനും ഇന്ന് അനേകർക്കും കഴിയുന്നില്ല.

ത്രിത്വം അഥവാ ത്രിയേകത്വം എന്ന പദം വേദപുസ്തകത്തിൽ ഒരിടത്തും ഇല്ല. എന്നാൽ ത്രിത്വോപദേശം ഉണ്ട്. ദൈവം ഏകൻ എന്ന പഴയനിയമോപദേശത്തിനു വിരുദ്ധമായ ആശയമെന്നുകരുതി യഹൂദന്മാർ സാർവ്വത്രികമായി ഇന്നും ത്രിത്വത്തെ നിരാകരിക്കുന്നു. ദൈവഭരണം (Theocracy), രണ്ടാംവരവ് (Second coming) മുതലായ വാക്കുകൾ ബൈബിളിൽ ഇല്ലെങ്കിലും ഈ ഉപദേശങ്ങളെ ചോദ്യം ചെയ്യാതെ നാം വിശ്വസിക്കുന്നു. ആദിമസഭാപിതാവായ അന്ത്യോക്യയിലെ തിയൊഫിലസ് (Theophilos of Antioch) ആണ് A.D. 181-ൽ Trias എന്ന പദം ദൈവത്തിന്റെ ത്രിയേകത്വത്തെ സൂചിപ്പിക്കുന്നതിന്ന് ആദ്യമായി Greek ൽ ഉപയോഗിച്ചത്. Latin പദം Trinitas ആദ്യമായി ഉപയോഗിച്ചത് A.D. 220 -ൽ തെർത്തുല്ല്യൻ (Tertullain) എന്ന വ്യക്തിയാണ്.

ത്രിത്വോപദേശം ഇന്ന് പലർക്കും പൂർണ്ണമായി ഉൾക്കൊള്ളുവാൻ കഴിയുന്നില്ല. ദൈവത്തിന്റെ ചിന്തകളും വിചാരങ്ങളും നമ്മുടെ ചിന്തകളെക്കാൾ ഉയർന്നിരിക്കുന്നതായിരിക്കാം (യെശ. 55:8,9) അതിനു കാരണം.

**A. ദൈവത്തിന്റെ ത്രിയേകത്വത്തിന് ഒരു നിർവ്വചനം**

ദൈവം ഏകനാണ്; ദൈവം സാരാംശത്തിൽ അഥവാ ദൈവത്വത്തിൽ അഥവാ സത്തയിൽ ഏകനാണ്. എന്നാൽ ആ ഏകത്വത്തിൽ ഒരു ബഹുത്വമുണ്ട്; ആ ബഹുത്വം ത്രിത്വമാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ 3 ആളത്വങ്ങൾ ഈ ഏകത്വത്തിൽ ഉണ്ട്. പിതാവ് ദൈവമാണ്; പുത്രൻ ദൈവമാണ്; പരിശുദ്ധാത്മാവും ദൈവമാണ്; എന്നാൽ 3 വ്യത്യസ്ത ദൈവങ്ങൾ ഇല്ല; ഏക സത്യ ദൈവം മാത്രം. ഈ 3 ആളത്വങ്ങളും സ്ഥാനത്തിൽ തുല്യരാണ്. എന്നാൽ ഇവരുടെ പ്രവർത്തനങ്ങളിൽ വ്യത്യാസമുണ്ട്.

**B. ത്രിത്വോപദേശത്തെ സംബന്ധിച്ച ചില തെറ്റായ ഉപദേശങ്ങൾ**

**1 മൂന്ന് വ്യത്യസ്ത ദൈവങ്ങൾ എന്ന ഉപദേശം (Tri-theism)**

പിതാവും, പുത്രനും, പരിശുദ്ധാത്മാവും 3 വ്യത്യസ്ത ദൈവങ്ങളാണെന്ന് പഠിപ്പിക്കുന്നവരും

---

ളെയും കുറവുകളെയും അറിയുന്ന ഒരു കർത്താവുണ്ട് എന്നത് എത്ര ആശ്വാസപ്രദം. നമ്മുടെ നിസ്വാർത്ഥമായ സേവനങ്ങൾ ഒരു പക്ഷേ കൂട്ടുസഹോദരനോ സഭാമൂപ്പന്മാരോ അറിഞ്ഞില്ലെന്നു വരാം. എന്നാൽ എല്ലാം അറിയുന്ന കർത്താവ് അവയെല്ലാം അറിയുന്നവനും നമ്മുടെ പ്രവർത്തനങ്ങൾക്ക് അമർത്തിക്കുലുക്കി പ്രതിഫലം നൽകുന്ന നല്ല കർത്താവിന്റെ വാക്കുകൾ നമ്മെ ആവേശം കൊള്ളിക്കട്ടെ.

ഏഴു സഭകളുടെ ഒടുവിലത്തെ സഭ ലവോദിക്യ സഭയാണല്ലോ. ആ സഭയുടെ ആത്മ പ്രശംസയും അവരെക്കുറിച്ചുള്ള സഭാകാന്തന്റെ വിലയിരുത്തലും നാം പ്രത്യേകം ശ്രദ്ധിക്കേണ്ടവയാണ്. ലോകമയത്വം കൊടികുത്തി വാഴുകയാണ്. ആത്മീയ സത്യങ്ങൾ കാണുവാനുള്ള കാഴ്ചപ്പാടും നഷ്ടപ്പെട്ടു; ആത്മീയ നഗ്നതയുമുണ്ട്. എത്രയോ അരിഷ്ടമായ അവസ്ഥാവിശേഷം. ഏറ്റവും ദുഃഖകരമായ സത്യം. സഭകളുടെ നടുവിൽ നടക്കുന്ന കർത്താവ് സഭയുടെ വെളിയിൽ ആയിരിക്കുകയാണ്. എത്രയോ ഗൗരവതരമായ ഒരവസ്ഥാവിശേഷം. 24-ാം സങ്കീർത്തനത്തിൽ വായിക്കുന്നതുപോലെ വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുക മഹത്വത്തിന്റെ രാജാവ് വരുന്നു. അവനെ സ്വാഗതം ചെയ്യുവാൻ ഹൃദയകവാടങ്ങൾ അവനുവേണ്ടി വിശാലമായി തുറക്കാം. മഹത്വത്തിന്റെ രാജാവ് ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരും. താമസിക്കുകയുമില്ല. അപ്പോൾ നമുക്ക് ഗ്രഹിക്കുവാൻ കഴിയും "ഇതാ മനുഷ്യരോടുകൂടി ദൈവത്തിന്റെ കൂടാരം അവൻ അവരോടുകൂടി വസിക്കും. അവർ അവന്റെ ജനമായിരിക്കും. ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടിയിരിക്കും" (വെളി. 21:3). ഈ സത്യം യാഥാർത്ഥ്യമായിത്തീരാൻ ഇനി അധികം താമസമില്ല. ദൈവജനമേ നമുക്കൊരുങ്ങാം. ●

വാദിക്കുന്നവരും ഉണ്ട്. അതുപോലെ, സ്ഥാന ത്തിൽ പിതാവ് ഒന്നാമത്തെ ദൈവവും പുത്രൻ രണ്ടാമത്തെ ദൈവവും പരിശുദ്ധാത്മാവ് മൂന്നാ മത്തെ ദൈവവും എന്ന് പഠിപ്പിക്കുന്നവരും ഉണ്ട്.

ഈ പഠിപ്പിക്കൽ വചനാനുസരണം ഉള്ളതല്ല. 3 വ്യത്യസ്ത ദൈവങ്ങൾ ഇല്ല; ഏക സത്യദൈവം മാത്രം. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ 3 ആളത്വങ്ങൾ ഈ ഏകത്വത്തിൽ ഉണ്ട്. ഈ 3 ആളത്വങ്ങളും സ്ഥാനത്തിൽ തുല്യരാണ്.

**2. സെബല്ലിയനിസം (Seballianism)**

എ.ഡി.200നോട് അടുത്ത കാലഘട്ടത്തിൽ ജീവി ച്ചിരുന്ന സെബല്ലിയസ് കൊണ്ടുവന്ന ആശയമാണ് ഇത്. ദൈവം ഒരുവനേയുള്ളൂ. എന്നാൽ ഈ ദൈവം പഴയനിയമകാലത്ത് പിതാവായും യേശുക്രിസ്തു വിന്റെ കന്യകാ ജനനം മുതൽ ഉയിർത്തെഴു ന്നേൽപ്പ് വരെ പുത്രനായും പ്രവർത്തിച്ചു എന്നും അതിനുശേഷം പരിശുദ്ധാത്മാവായി ഇപ്പോൾ പ്രവർത്തിക്കുന്നു എന്നും സെബല്ലിയസ് പഠിപ്പി ക്കുക്കയുണ്ടായി. ആധുനിക കാലഘട്ടത്തിൽ ഈ സെബല്ലിയനിസം അറിയപ്പെടുന്നത് മോഡലിസം എന്ന പേരിലാണ്. ഒരു മോഡൽ തന്നെ വ്യത്യസ്ത വേഷങ്ങളിലും ഭാവങ്ങളിലും അഭിനയിക്കുന്നതു പോലെ ദൈവം ഒരിക്കൽ പിതാവായും പിന്നീട് പുത്രനായും ഇപ്പോൾ പരിശുദ്ധാത്മാവായും പ്രവർത്തിക്കുന്നു എന്നതാണ് മോഡലിസം.

ഈ പഠിപ്പിക്കലും വചനാനുസരണം ഉള്ളതല്ല. ഈ ഉപദേശം അനുസരിച്ച് പിതാവും പുത്രനും ഇന്നില്ല. ഇന്നു പരിശുദ്ധാത്മാവു മാത്രമേയുള്ളൂ. എന്നാൽ 3 ആളത്വങ്ങളും ഒരുമിച്ചു സമ്മേളിക്കുന്ന യേശുക്രിസ്തുവിന്റെ സ്നാനത്തിന്റെ സന്ദർഭം ഈ ദുരൂപദേശത്തിന്റെ ഖണ്ഡനമാണ്. പരിശുദ്ധാത്മാവ് പ്രാവെന്നപോലെ യേശുക്രിസ്തുവിന്മേൽ വന്നു. ആ സന്ദർഭത്തിൽ പിതാവു പുത്രനെക്കുറിച്ച് , “ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' എന്ന് പ്രഖ്യാപിക്കുകയും ചെയ്തു (മത്തായി 3:16,17).

**3. അറിയൂസിന്റെ ഉപദേശം (Arianism)**

പിതാവായ ദൈവത്തിന്റെ സൃഷ്ടിയാണ് പുത്ര നെന്ന് നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അറിയൂസ് (Arius) പഠിപ്പിച്ചു. പുത്രന് ആസ്തിക്യമില്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു എന്നും പുത്രൻ ഒരു കുട്ടിദൈവം മാത്രമാണെന്നും പുത്രൻ പിതാവി നോട് സമനല്ല എന്നും അറിയൂസ് പഠിപ്പിച്ചു. അത്തനാസിയോസ് (Athnasius) എന്ന ദൈവദാ സൻ ഈ ദുരൂപദേശം എതിർത്തു ഖണ്ഡി ക്കുകയും A.D. 325ൽ നിഖ്യായിൽ നടന്ന സുന്നഹദോസ്സിൽ (Council of Nicea) വച്ച് അറി യൂസിന്റെ ഉപദേശത്തെ ദുരൂപദേശമായി പ്രഖ്യാപിക്കുകയും ചെയ്തു.

**4. യഹോവാ സാക്ഷികൾ (Jehovah's Witnesses)**

യഹോവാ സാക്ഷികളെ ഇന്നത്തെ കാലത്തെ അറിയൂസിന്റെ അനുഗാമികൾ എന്നു പറയാം. ഇവർ ത്രിത്വോപദേശത്തെ സ്വീകരിക്കുകയോ യേശുക്രിസ്തു നിത്യനാണ് എന്ന് അംഗീകരിക്കു കയോ ചെയ്യുന്നില്ല. പിതാവായ ദൈവത്തിനു തുല്യമായ നിലയിലുള്ള യേശുക്രിസ്തുവിന്റെ ദൈവത്വവും അവർ അംഗീകരിക്കുന്നില്ല. സൃഷ്ടിക്കും സ്രഷ്ടാവിനും ഇടയ്ക്കുള്ള സ്ഥാന മാണ് അവർ യേശുക്രിസ്തുവിന് നൽകുന്നത്.

**5. യേശുവിൻ നാമക്കാർ (Jesus Only Group)**

പിതാവായും പരിശുദ്ധാത്മാവായും ബൈബി ളിൽ വെളിപ്പെടുത്തിയിരിക്കുന്നത് പുത്രനെ തന്നെയാണ് എന്നാണ് യേശുവിൻ നാമക്കാർ പഠിപ്പിക്കുന്നത്. ഇവർ ത്രിത്വോപദേശം നിഷേധി ക്കുകയും ഇന്ന് യേശു മാത്രമാണ് ദൈവമെന്ന് ബൈബിളിൽ നിന്നും സമർത്ഥിക്കുന്നതിന് ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

ഈ പഠിപ്പിക്കലും വചനാനുസരണം ഉള്ളതല്ല. ഈ ദുരൂപദേശം അനുസരിച്ച് പിതാവും പരിശു ദ്ധാത്മാവും ഇന്നില്ല. ഇന്നു പുത്രൻ മാത്രമേ യുള്ളൂ. ദൈവത്വത്തിലെ 3 ആളത്വങ്ങളും ഒരുമിച്ചു സമ്മേളിക്കുന്ന യേശുവിന്റെ സ്നാനത്തിന്റെ സന്ദർഭം ഈ ദുരൂപദേശത്തിന്റെ ഖണ്ഡനമാണ്.

യോഹ. 10:30; 14:9; 17:23 എന്നീ വാക്യങ്ങൾ പിതാവ് തന്നെയാണ് പുത്രൻ എന്നു തെളിയിക്കു ന്നതിന് ഇവർ ഉപയോഗിക്കാറുണ്ട്. ഈ വാക്യങ്ങ ളിൽ കാണുന്ന ഞാനും പിതാവും ഒന്നാകുന്നു, എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു, നാം ഒന്നായിരിക്കുന്നതു പോലെ തുടങ്ങിയ യേശുക്രിസ്തുവിന്റെ വാക്കുകൾ പിതാവെന്ന ആളത്വം തന്നെയാണ് പുത്രൻ എന്ന് പഠിപ്പിക്കു ന്നതിന് ഇവർ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഈ ആശയം അല്ല ഈ ഭാഗങ്ങൾ നൽകുന്നത്. ദൈവത്വത്തിൽ പിതാവും പുത്രനും ഒന്നാണ് എന്ന സത്യമാണ് ഇവിടെ യേശുക്രിസ്തു വ്യക്ത മാക്കുന്നത്.

യോഹ. 14:16ൽ യേശുക്രിസ്തു ത്രിത്വത്തെ പരാമർശിക്കുന്നു: “ഞാൻ (പുത്രൻ) പിതാവി നോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാ വെന്ന (പരിശുദ്ധാത്മാവെന്ന) മറ്റൊരു കാര്യ സ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ട

തിന്നു നിങ്ങൾക്കു തരും." ഇന്ന് യേശു മാത്രമാണ് ദൈവമെന്നുള്ള ദുരുപദേശത്തിന്റെ വ്യക്തമായ ഖണ്ഡനമാണ് ഈ വാക്യം. പരിശുദ്ധാത്മാവ് എന്നേയ്ക്കും ദൈവമക്കളോടു കൂടെയുണ്ട് എന്ന് ഈ വാക്യം വ്യക്തമാക്കുന്നു.

**C. ബൈബിളിൽ ത്രിയേകത്വം തെളിയിക്കുന്ന ഭാഗങ്ങൾ**

ത്രിയേകത്വം എന്ന ഉപദേശത്തിൽ പ്രധാന മായും 2 വസ്തുതകൾ അടങ്ങിയിരിക്കുന്നു. ഒന്നാമതായി ദൈവത്വത്തിലെ ഏകത്വവും രണ്ടാമ തായി ആ ഏകത്വത്തിലെ 3 ആളത്വങ്ങളും. മുകളിൽ നൽകിയിരിക്കുന്ന നിർവ്വചനത്തിൽ ഈ സത്യം വ്യക്തമാക്കിയിട്ടുണ്ട്. ഈ 2 പരാമർശ ങ്ങൾക്കും വ്യക്തമായ തെളിവുകൾ ബൈബിളിൽ കാണുവാൻ കഴിയും.

**1. ദൈവം ഏകനാണ്**

"യിസ്രായേലേ കേൾക്ക, യഹോവ നമ്മുടെ ദൈവം ആകുന്നു; യഹോവ ഏകൻ തന്നേ" (ആവ. 6:4). ഏകൻ എന്നതിന് എബ്രായ ഭാഷയിൽ "എഖാദ്" എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് Collective senseൽ ആണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് ഒരു സംയോജിത ഏകത്വ നാമമാണ്. ദൈവിക ഏകത്വത്തിൽ ഒരു ബഹുത്വമുണ്ട് എന്നുള്ളത് ഈ എബ്രായ വാക്കിൽനിന്നും വ്യക്തമാണ്.

ഉല്പത്തി 2:24ൽ ***ഏകദേഹം*** എന്നുള്ള പരാമർശത്തിൽ എബ്രായ ഭാഷയിൽ "എഖാദ്" എന്ന പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. വിവാഹബന്ധത്തിൽ ഭർത്താവും ഭാര്യയും ഏക ദേഹമായിത്തീരുന്നു. അതായത്, ഭർത്താവ്, ഭാര്യ എന്നീ 2 വ്യക്തികൾ ഒരുമിച്ചു ചേർന്നുള്ള ഒരു ഏകത്വം. വിവാഹബന്ധം സംയോജിത ഏക ത്വത്തിന് ഒരു നല്ല ഉദാഹരണമാണ്.

കേവല ഏകത്വം (Absolute oneness) വ്യക്തമാക്കുന്നതിന് 'യാഖിദ്' എന്ന വേറൊരു പദം എബ്രായ ഭാഷയിലുണ്ട് എന്നത് "എഖാദി"-ന്റെ സംയോജിത ഏകത്വ സ്വഭാവം വ്യക്തമാകുന്നു. ഉല്പത്തി 22:2 ൽ ദൈവം അബ്രഹാമിനോട് ''നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നേ . . ." എന്നു പറയുന്ന ഭാഗത്ത് 'ഏകജാതൻ' (only son) എന്നിടത്ത് 'യാഖിദ്' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഉല്പത്തി 22: 12,16 വാക്യങ്ങളിലും യാഖിദ് തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. വാഗ്ദത്ത പുത്രൻ യിസ്ഹാക്ക് എന്ന ഒരുവൻ മാത്രമേയുള്ളൂ എന്ന അർത്ഥത്തിൽ 'യാഖിദ്' കേവല ഏകത്വത്തെയാണ് കാണിക്കുന്നത്. എന്നാൽ "എഖാദ്" സംയോജിത ഏകത്വം വ്യക്തമാക്കുന്നു.

ആവ. 4:35; യെശ. 43:10; 46:9; യാക്കോബ് 2:19 തുടങ്ങിയ ഭാഗങ്ങളും ദൈവം ഏകനാണ് എന്ന സത്യം വ്യക്തമാക്കുന്നുണ്ട്.

**2. ദൈവം ഏകനാണ്; എങ്കിലും ആ ഏകത്വത്തിൽ ഒരു ബഹുത്വം ഉണ്ട് എന്നതിന് പഴയ നിയമത്തിൽ നിന്നുള്ള തെളിവുകൾ**

***a. "Elohim" ൽ നിന്നുള്ള തെളിവ്.*** പഴയനിയമത്തിൽ ദൈവം എന്നതിന് എബ്രായ ഭാഷയിൽ "Elohim" (ദൈവങ്ങൾ) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ജാതികളുടെ ദൈവത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഭാഗങ്ങളിൽ El (ദൈവം) എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ആകയാൽ, ജീവനുള്ള ദൈവത്തെ സൂചിപ്പിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്ന പദം തന്നെ ദൈവത്വത്തിലെ ബഹുത്വത്തെ സൂചിപ്പിക്കുന്നുണ്ട്.

***b. സർവ്വനാമത്തിൽ നിന്നുള്ള തെളിവ്.*** പഴയനിയമത്തിൽ പലയിടത്തും നാം, നമ്മൾ, നമ്മുടെ തുടങ്ങിയ സർവ്വനാമപദങ്ങൾ ദൈവത്തെ സൂചിപ്പിക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ട്.

***i. ഉല്പത്തി 1:26.*** ''അനന്തരം ദൈവം: ***നാം നമ്മുടെ*** സ്വരൂപത്തിൽ ***നമ്മുടെ*** സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക."

***ii. ഉല്പത്തി 3:22.*** "യഹോവയായ ദൈവം: മനുഷ്യൻ നന്മതിന്മകളെ അറിവാൻ തക്കവണ്ണം ***നമ്മിൽ*** ഒരുത്തനെപ്പോലെ ആയിത്തീർന്നിരിക്കുന്നു."

***iii. ഉല്പത്തി 11:7.*** "വരുവിൻ; ***നാം*** ഇറങ്ങിച്ചെന്നു, അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളക."

***iv. യെശ. 6:8.*** "ഞാൻ ആരെ അയയ്ക്കേണ്ടു? ആർ ***നമുക്കു***വേണ്ടി പോകും? എന്നു ചോദിക്കുന്ന ശബ്ദം കേട്ടിട്ടു . . ."

മുകളിൽ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ ദൈവത്തെ സൂചിപ്പിക്കുന്നതിന് ബഹുവചന രൂപത്തിലുള്ള നാം, നമ്മുടെ, നമ്മിൽ, നമുക്ക് തുടങ്ങിയ സർവ്വനാമ രൂപങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് ദൈവത്വത്തിലെ ബഹുത്വത്തിനുള്ള വ്യക്തമായ തെളിവുകളാണ്. എന്നാൽ രാജാക്കന്മാർ സ്വയം ബഹുമാനിച്ച് സംസാരിക്കുന്നതുപോലെ ദൈവം സംസാരിക്കുന്നതാണെന്നു പറഞ്ഞുകൊണ്ട് ഈ തെളിവുകൾ തള്ളിക്കളയുന്നവരുണ്ട്. എന്നാൽ ഉല്പത്തി 3:22ൽ ദൈവത്വത്തിലെ ബഹുത്വത്തെ വളരെ വ്യക്തമാക്കുകയാണു ചെയ്യുന്നത്. "***നമ്മിൽ ഒരുത്തനെ***

*പ്പോലെ"* എന്നുള്ള ഭാഗം ബഹുത്വത്തെ വ്യക്തമാക്കുന്നു.

**3. പഴയനിയമത്തിൽ രണ്ട് ആളത്വങ്ങളും ഒരുമിച്ചു കാണുന്ന ഭാഗങ്ങൾ**

***a. ഉല്പത്തി 1:1-2.*** ഇവിടെ ***ദൈവവും*** (പിതാവും) ***ദൈവത്തിന്റെ ആത്മാവും*** (പരിശുദ്ധാത്മാവും) ഒരുമിച്ച് പരാമർശിക്കപ്പെട്ടിരിക്കുന്നു.

***b. സങ്കീ.45:6,7.*** 6-ാം വാക്യത്തിലെ ***ദൈവമേ*** എന്നുള്ളത് പുത്രനെയും 7-ാം വാക്യത്തിലെ ***ദൈവം*** എന്നുള്ളത് പിതാവിനെയും സൂചിപ്പിക്കുന്നു.

***c. സങ്കീ.110:1.*** ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്ന ***യഹോവ*** പിതാവും ***കർത്താവ്*** പുത്രനുമാണ്.

***d. യെശ. 9:6,7.*** ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്ന ***ശിശു*** പുത്രനും ***സൈന്യങ്ങളുടെ യഹോവ*** പിതാവുമാണ്.

**4. പഴയനിയമത്തിൽ മൂന്ന് ആളത്വങ്ങളും ഒരുമിച്ചു കാണുന്ന ഭാഗങ്ങൾ**

***a. യെശ.48:16.*** യഹോവയായ കർത്താവ് എന്നെയും തന്റെ ആത്മാവിനെയും അയച്ചിരിക്കുന്നു. ***യഹോവയായ കർത്താവ്*** എന്നുള്ളത് പിതാവിനെയും ***എന്നെ*** എന്നുള്ളതു പുത്രനെയും (12,13 വാക്യങ്ങൾ ശ്രദ്ധിക്കുക) ***ആത്മാവിനെ*** എന്നുള്ളത് പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു.

***b. യെശ. 61:1.*** ഇവിടെ ***യഹോവ*** എന്നുള്ളത് പിതാവിനെയും ***എന്നെ*** എന്നുള്ളതു പുത്രനെയും ***യഹോവയായ കർത്താവിന്റെ ആത്മാവ്*** എന്നുള്ളത് പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു.

**5. പുതിയനിയമത്തിൽ തിത്വോപദേശത്തിനുള്ള തെളിവുകൾ**

***a. ത്രിയേകത്വത്തിലെ മൂന്ന് ആളത്വങ്ങളും ദൈവമാണ് എന്നതിന്റെ തെളിവ്.***

***i. പിതാവ് ദൈവമാണ്*** (യോഹ. 6:27; ഫിലി. 1:2; കൊലൊ. 1:2; 1 പത്രൊസ് 1:3). പിതാവ് ആരാധന സ്വീകരിക്കുന്നു എന്നുള്ളത് പിതാവിന്റെ ദൈവത്വത്തിന്റെ വ്യക്തമായ തെളിവാണ്. യേശുക്രിസ്തു ശമര്യക്കാരത്തിയോട് ഇപ്രകാരം പറഞ്ഞു: "സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവു ഇച്ഛിക്കുന്നു" (യോഹ. 4:23). "തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവു ഇച്ഛിക്കുന്നു" എന്നുള്ളതിന് ഇംഗ്ളീഷിൽ "for the Father seeks such to worship Him" എന്നാണ്. ഇവിടെ യേശുക്രിസ്തു വ്യക്തമാക്കുന്നത് പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന ഒരു കൂട്ടം ജനത്തെ പിതാവ് അന്വേഷിക്കുന്നു എന്നാണ്. ആ അന്വേഷണത്തിന്റെ ഫലമാണ് ദൈവസഭ. യേശുക്രിസ്തു വീണ്ടും വ്യക്തമാക്കി: "ദൈവം ആത്മാവു ആകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം" (യോഹ. 4:24).

***ii. പുത്രൻ ദൈവമാണ്*** (സങ്കീ. 45:6,7; യെശ.7:14; 9:6; മത്തായി 1:22; യോഹ.1:1,14; 20:28; റോമർ 9:5; ഫിലി. 2:6-11; കൊലൊ. 2:9; 1 തിമൊ. 3:15,16; തീത്തൊസ് 2:12; എബ്രാ.1:8,9; 1 യോഹ. 5:20; വെളി.1:8). പുത്രൻ ആരാധന സ്വീകരിക്കുന്നു എന്നുള്ളത് പുത്രനായ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവത്വത്തിന്റെ വ്യക്തമായ തെളിവാണ്. യേശുക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ തന്റെ അടുക്കലേയ്ക്ക് വന്ന പലരും അവനെ വീണ് നമസ്ക്കരിക്കുന്ന ഭാഗങ്ങൾ സുവിശേഷങ്ങളിൽ ധാരാളം ഉണ്ട് (മത്തായി 9:18; 15:25; യോഹ. 9:38). ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിനെ പലരും ആരാധിക്കുന്നതായി ബൈബിളിൽ രേഖയുണ്ട് (മത്തായി 28:9; ലൂക്കൊസ് 24:52). അതുപോലെ തന്നെ, ആദിമ സഭാകാലയളവിൽ, പൗലൊസും (അപ്പൊ. 9:3), യോഹന്നാനും (വെളി. 1:17) കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം കണ്ടിട്ട് അവന്റെ സന്നിധിയിൽ വീണതായി രേഖയുണ്ട്. മാത്രമല്ല, ലേഖനങ്ങളിലും വെളിപ്പാടു പുസ്തകത്തിലും എഴുത്തുകാർ കർത്താവായ യേശുക്രിസ്തുവിനെ ആരാധിക്കുന്നുമുണ്ട് (റോമർ 9:5; 2 തിമൊ. 4:18; 2 പത്രൊസ് 3:18; വെളി. 1:6).

***iii. പരിശുദ്ധാത്മാവ് ദൈവമാണ്*** (എബ്രാ. 9:14; 1 കൊരി. 6:11; അപ്പൊ. പ്രവ.5:3,4). പരിശുദ്ധാത്മാവിനെ ആരാധിക്കുവാൻ ആഹ്വാനം ചെയ്യുന്ന ഒരു പ്രബോധനവും ബൈബിളിൽ ഇല്ല എങ്കിലും പരിശുദ്ധാത്മാവ് ദൈവം ആകയാൽ ആരാധനയ്ക്ക് യോഗ്യനാണ്.

***b. ത്രിയേകത്വത്തിലെ മൂന്ന് ആളത്വങ്ങളെക്കുറിച്ച് ഒരുമിച്ച് പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ.***

മത്തായി 3:16,17; 28:19; ലൂക്കൊസ് 1:35; 1 കൊരി.12:4-6; 2 കൊരി.13:14; എബ്രാ. 9:14;1 പത്രൊസ് 1:2 ●

# ആരാധന പുതിയ നിയമത്തിൽ (തുടർച്ച)

എസ്. ജി. ഗിൽബർട്ട്, ആറാമട

ത്രിയേക ദൈവമാണ് ആരാധന വിഷയം. ദൈവം ഏകനാണ്. നാം വിശ്വസിക്കുന്ന ദൈവം തന്നെയാണ് സത്യ ദൈവം. ദൈവത്തെ സ്രഷ്ടാവ് എന്നനിലയിൽ ആർക്കും ആരാധിക്കാം. രക്ഷിക്കപ്പെട്ടവരുടെ ആരാധനയും രക്ഷിക്കപ്പെടാത്തവരുടെ ആരാധനയും തമ്മിൽ വ്യത്യാസമുണ്ട്.

**A. സൃഷ്ടി സ്രഷ്ടാവ് ബന്ധത്തിൽ**

രക്ഷിക്കപ്പെടുന്നതുവരെയുള്ള ഒരുവന്റെ ആരാധന സൃഷ്ടി സ്രഷ്ടാവ് ബന്ധത്തിൽ മാത്രമുള്ളതാണ്. അത് ദൈവം ഏത്രമാത്രം സ്വീകരിക്കുന്നുവെന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ദൈവത്തിന്റെ വലിപ്പം, മഹത്വം എന്നിവ കണക്കിലെടുത്ത് ദൈവത്തെ നമസ്കരിക്കുന്നതാണ് സൃഷ്ടി സ്രഷ്ടാവ് ബന്ധത്തിലുള്ള ആരാധന.

**B. വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ**

രക്ഷിക്കപ്പെട്ട ദൈവമക്കളാണ് ദൈവത്തെ ആരാധിക്കേണ്ടത്. അവർക്ക് വ്യക്തി പരമായും സഭയായും കർത്താവിനെ ആരാധിക്കാം. ആരാധന വിഷയം ത്രീയേക ദൈവമാണ്.

**1. വ്യക്തിപരമായി**

വ്യക്തിപരമായി ദൈവത്തെ നിരന്തരം ആരാധിക്കുന്നവനുമാത്രമെ സഭയായി ആരാധിക്കുവാൻ സാധിക്കൂ.

**a. ദൈവം എന്റെ സ്രഷ്ടാവ്** എന്ന നിലയിൽ ദൈവം നമ്മുടെ ആരാധന വിഷയമാണ്. (1. തിമൊ:1: 17; ലൂക്കോസ് 4: 8; സങ്കീ 45: 11). അവനാണ് നമ്മുടെ കർത്താവ്. ആ നിലയിൽ സർവ്വശക്തനായ പിതാവായ ദൈവത്തെ നാം ആരാധിക്കുന്നു (യോഹ 4: 23). അവന്റെ മഹത്വം, വലിപ്പം, വിശുദ്ധി, ദയ, കരുണ, നീതി, മനുഷ്യവർഗ്ഗത്തോടു കാണിച്ച സ്നേഹം ഇതെല്ലാം ഓർക്കുമ്പോൾ നന്ദികൊണ്ട് ഉള്ളം നിറഞ്ഞ് അവനെ നമസ്കരിക്കുന്നു.

**b. എന്റെ രക്ഷിതാവ് അഥവാ വീണ്ടെടുപ്പുകാരൻ**

പിതാവായ ദൈവം ലോകത്തെ സ്നേഹിച്ചു തന്റെ പുത്രനെ നമുക്കുവേണ്ടി ലോകത്തിലേക്കയച്ചു. പിതാവിനെക്കാൾ വ്യക്തിപരമായി നമുക്ക് അടുത്ത ബന്ധമുള്ളത് പുത്രനെയാണ്. അവനാണ് നമുക്ക് പകരക്കാരനായി കാൽവറി ക്രൂശിൽ യാഗമായിത്തിർന്നത്. അവന്റെ ക്രൂശിൽ ചൊരിഞ്ഞ രക്തത്താലാണ് നമ്മേ വിണ്ടെടുത്തത്. കർത്താവാണ് നമുക്കുവേണ്ടി വീണ്ടെടുപ്പുവില പിതാവായ ദൈവത്തിനു നല്കിയത്. പിതാവായ ദൈവം ക്രിസ്തുവിൽ കൂടി നമ്മെ തന്റെ മക്കളായി തീർത്തു. ആ നിലയിൽ പിതാവായ ദൈവത്തിനു തുല്യമായി പുത്രനെ നാം ഓർക്കുന്നു. അവന്റെ മരണം, അടക്കം, ഉയിർപ്പ് ഇതെല്ലാം എനിക്കുവേണ്ടിയാണ് എന്നു നാം ഓർക്കുന്നു. അങ്ങനെ ക്രിസ്തുവിന്റെ ക്രൂശുമരണവും അതുമൂലമുള്ള വീണ്ടെടുപ്പുമാണ് മുഖ്യമായ ആരാധന വിഷയം. അത് എപ്പോഴെല്ലാം ഓർക്കുമോ അപ്പോഴെല്ലാം അവനെ വ്യക്തിപരമായി നമസ്കരിക്കാൻ സാധിക്കുന്നു. അങ്ങനെയുള്ള ആരാധനക്ക് സ്ഥലകാല പരിധിയില്ല.

**c.** ദൈവം ദൈനംദിനജീവിതത്തിൽ ചെയ്യുന്ന നന്മകളും അനുഗ്രഹങ്ങളും ഓർത്ത് നന്ദി പറഞ്ഞ് അവനെ ആരാധിക്കണം. സങ്കീർത്തനക്കാരൻ പറയുന്നത്; "എൻമനമേ യഹോവയെ വാഴ്ത്തുക, എന്റെ സർവ്വാന്തരംഗവുമേ അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക. എൻമനമേ യഹോവയെ വാഴ്ത്തുക, അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്" (സങ്കീ 103: 1–2). ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്ത ഏറ്റവും വലിയ ഉപകാരം എന്നത് അവൻ നമ്മുടെ അകൃത്യം മോചിച്ചു എന്നുള്ളതാണ്. അതുകൂടാതെ ഈ മരുഭൂയാത്രയിൽ ഓരോ ദിവസവും ദൈവം ചെയ്യുന്ന നന്മകൾ, അനുഗ്രഹങ്ങൾ അപകടങ്ങളിൽ നിന്നുള്ള വിടുതൽ, രോഗങ്ങളിൽ നിന്നുള്ള വിടുതൽ, വിവിധതരം പരിശോധനകളിൽ നിന്നുള്ള വിടുതൽ എന്നിവയ്ക്ക് അപ്പോൾ അപ്പോൾ ഒന്നും വിട്ടുപോകാതെ എണ്ണിയെണ്ണി പറഞ്ഞ് സ്തുതിയും സ്തോത്രവും അവന്റെ മുമ്പിൽ അർപ്പിക്കേണ്ടതാണ്. പ്രധാനമായി ഇത്രയും കാര്യങ്ങൾ വ്യക്തിപരമായ ആരാധനയിൽ ഉണ്ടായിരിക്കും

**2. സഭയായി**

സഭയായിട്ടു നാം ആരാധനയ്ക്കുകൂടി വരുമ്പോൾ വ്യക്തിപരമായി ദൈവത്തോടുള്ള ബന്ധത്തിൽ ഓർത്ത വിഷയങ്ങൾ എല്ലാം അതാതിന്റെ നിലയിൽ ഉണ്ടായിരിക്കും. എല്ലാറ്റിനും ഉപരിയായി കർത്താവിന്റെ ക്രൂശ് മരണത്തിനും അത് ഓർക്കാൻ തന്നിരിക്കുന്ന അനുഷ്ടാനത്തിനും വലിയ പ്രാധാന്യം ഉണ്ട്.

**a.** സഭയായിട്ടുള്ള ആരാധനയിൽ നാം ആരാധിക്കുന്നത് പിതാവായ ദൈവത്തെയാണ്. ആ നിലയിൽ പിതാവിന്റെ വലിപ്പം, മഹത്വം, പുത്രനെ നമുക്കുവേണ്ടി തന്ന വലിയ സ്നേഹം ഇതെല്ലാം ഓർത്ത് ആരാധിക്കേണ്ട വിഷയമാണ്.

# ആഖോർ താഴ്‌വരയിലെ കൽക്കുന്ന്

വിൽസൺ വർഗീസ്, തേക്കുതോട്

അവന്റെ മേൽ ഒരു വലിയ കൽക്കുന്നു കൂട്ടി. അത് ഇന്ന്വരെ ഇരിക്കുന്നു ഇങ്ങനെ യഹോവയുടെ ഉഗ്രകോപം മാറി അതുകൊണ്ട് ആ സ്ഥലത്തിന് ആഖോർ താഴ്‌വര എന്ന് ഇന്നുവരെ പേർ പറഞ്ഞുവരുന്നു" (യോശുവ 7:26). യെരിഹോവിന് പടിഞ്ഞാറ് അതായത് യെരിഹോവിന്റെയും ഹായിയുടെയും മദ്ധ്യേയുള്ള ഒരു താഴ്‌വരയാണ് ആഖോർ. അതിന്റെ ആധുനിക നാമം ഏൽ ബുക്കേ -അഹ് എന്നാണ്. ആഖോർ എന്ന വാക്കിന് 'ഉപദ്രവം' 'വലയ്ക്കുക' എന്നെല്ലാം അർത്ഥമുണ്ട്. യിസ്രായേൽ ജനത്തെ മുഴുവൻ വലച്ചവന്റെ മേൽ ദൈവം ന്യായവിധി നടത്തിയത് ഈ താഴ്‌വരയിൽ വച്ചാണ്. ദൈവീക ന്യായവിധിയുടെ പരസ്യമായ സാക്ഷ്യമാണ് ഈ താഴ്‌വരയിൽ കാണുന്ന കൽക്കൂമ്പാരം. ഇതു ദർശിക്കുന്ന ഏതൊരു മനുഷ്യനെയും ദൈവകല്പനയെ അവഗണിച്ചാൽ ലഭിക്കുന്ന ശിക്ഷയെ ഈ സാക്ഷ്യകൂമ്പാരം മൗനമായി വിളിച്ചറിയിക്കുന്നു.

യിസ്രായേൽ മക്കളുടെ കനാനിലേക്കുള്ള പ്രയാണത്തിൽ അവർക്ക് ഒരു വെല്ലുവിളിയായി ഉയർന്നു നിന്നിരുന്ന ഒരു പട്ടണമായിരുന്നു യെരിഹോവ്. ഏറ്റവും ഉറപ്പും ബലവുമുള്ള ഒരു പട്ടണമായിരുന്നു ഇത്. നിസ്സാരമായി ഈ പട്ടണത്തെ കീഴടക്കുവാൻ യിസ്രായേൽ മക്കൾക്കു കഴിയുമായിരുന്നില്ല. യെരിഹോവിനെ ആക്രമിക്കുന്നതിന് മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമായ രീതിയാണ് ദൈവം യിസ്രായേലിനു നൽകിയത് (യോശുവ 6:1 – 5). യെരിഹോവിന്റെ മേൽ യിസ്രായേൽ ജനത്തിന് അത്ഭുതകരമായ വിജയം ദൈവം നൽകി. യെരിഹോവിനെ കീഴടക്കുന്നതിന് മുൻപ് യഹോവയായ ദൈവം യോശുവാ മുഖാന്തരം ജനത്തിന് ചില കല്പനകൾ നൽകിയിരുന്നു. "ഈ പട്ടണവും അതിലുള്ളതൊക്കെയും യഹോവയ്ക്ക് ശപഥാർപ്പിതമായിരിക്കുന്നു'' (യോശുവ 6:17). "യിസ്രായേൽ പാളയത്തിനു ശാപവും അനർത്ഥവും വരുത്താതിരിക്കേണ്ടതിന് ശപഥാർപ്പിതമായ വസ്തുവൊന്നും തൊടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ'' (യോശുവ 6:18). ''വെള്ളിയും പൊന്നും ഒക്കെയും ചെമ്പും ഇരുമ്പും കൊണ്ടുള്ള പാത്രങ്ങളും യഹോവയ്ക്ക് വിശുദ്ധം. അവ യഹോവയുടെ ഭണ്ഡാരത്തിൽ ചേരേണം'' (യോശുവ 6:19). ബലവത്തായ യെരിഹോവിനെ തോൽപ്പിച്ച ജനത്തിന് ചെറിയതും ബലഹീനവുമായ ഹായി പട്ടണമായിരുന്നു അടുത്ത ഇര. കേവലം 2000മോ 3000മോ പേരാൽ ജയിച്ചടക്കാവുന്ന ഒരു ചെറിയ പട്ടണമായിരുന്നു അത്. (യോശുവ 7:3). എന്നാൽ ഈ ചെറിയ പട്ടണത്തോട് യിസ്രായേൽ തോറ്റോടി. അവരിൽ 30 പേരെ ഹായി നിവാസികൾ കൊല്ലുകയും ചെയ്തു. യോശുവ വസ്ത്രം കീറി നിലവിളിച്ചുകൊണ്ട് യിസ്രായേൽ മൂപ്പന്മാരോടു ചേർന്ന് യഹോവയുടെ പെട്ടകത്തിന്റെ മുൻപിൽ കമിഴ്ന്നു

---

**b.** പുത്രനാം ദൈവമാണ് ആരാധനയ്ക്ക് കേന്ദ്രവിഷയം. മറ്റുള്ളതെല്ലാം അതിന്റെ മറ്റു ഘടകങ്ങളാണ്. ക്രീസ്തുവിന്റെ പ്രായശ്ചിത്ത ബലി ഒരിക്കൽ എന്നന്നേക്കുമായി നടത്തപ്പെട്ടു. അത് ഒരിക്കലും ആവർത്തിക്കുന്നില്ല. ക്രിസ്തുവിന്റെ ക്രൂശുമരണത്താൽ വീണ്ടെടുക്കപ്പെട്ട തന്റെ സഭ ഒന്നിച്ചുകൂടുമ്പോൾ സഭ ചെയ്യാൻ പറഞ്ഞിരിക്കുന്ന കർമ്മം അനുഷ്ടിക്കണം. എന്റെ ഓർമ്മക്കായി ഇതുചെയ്‌വീൻ എന്നു പറഞ്ഞു കർത്താവ് തന്റെ സഭയ്ക്ക് ഏൽപ്പിച്ചുകൊടുത്ത കർത്തൃമേശ ആചരിക്കണം. ആ ഓർമ്മ പുതുക്കാതെ ഒരിക്കലും വീണ്ടെടുക്കപ്പെട്ട ദൈവമക്കളുടെ ആരാധന പൂർണ്ണമാകുന്നില്ല. സഭയായി കർത്താവിനെ ആരാധിക്കുമ്പോൾ കർത്തൃമേശ കൂടാതെ കർത്താവിനെ ആരാധിച്ചു എന്നുപയുവാൻ സാധ്യമല്ല. അത്രമാത്രം വലിയ പ്രാധാന്യം കർത്തൃമേശയ്ക്ക് നൽകിയിട്ടുണ്ട്.

**c.** സഭയായി ദൈവത്തേ ആരാധിക്കുമ്പോഴും സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നകൂട്ടത്തിൽ കഴിഞ്ഞ ആഴ്ചയിൽ ദൈവം ചെയ്ത ആത്മിയ ഭൗതിക നന്മകളും എണ്ണി എണ്ണി പറഞ്ഞ് നമസ്കരിക്കേണ്ടതാണ്. മരിച്ചവരും മൗനതയിൽ ഇരിക്കുന്നവരുമായവർ ആരും ദൈവത്തേ സ്തുതിക്കുന്നില്ല. നാം ജീവിച്ചിരിക്കുന്നതുകൊണ്ടാണ് ഒരു സഭായോഗം കൂടെ കർത്താവിനെ ആരാധിക്കുവാൻ ലഭിച്ചത്. അതിനാൽ കഴിഞ്ഞ നാളുകളിൽ ദൈവം വ്യക്തി പരമായി ചെയ്ത നന്മകളും അനുഗ്രഹങ്ങളും എടുത്തുപറഞ്ഞ് നന്ദിയുടേയും സ്തുതിയുടേയും വാക്കുകൾ പറഞ്ഞ് ദൈവത്തിനു സ്തോത്രം അർപ്പിക്കേണ്ടതാണ്.

ത്രിയേക ദൈവമാണ് ആരാധനാ വിഷയം. അതിൽ ഏറ്റവും പ്രധാനം ക്രിസ്തുവിന്റെ ക്രൂശുമരണം, അതിൽ കൂടെയുള്ള മനുഷ്യന്റെ വീണ്ടെടുപ്പും, അതിന്റെ ഓർമ്മയെ പുതുക്കുന്ന കർത്തൃമേശയും മുഖ്യ ഘടകമാണ്. അതോടൊപ്പം മുകളിൽ സൂചിപ്പിച്ച ഉപഘടകങ്ങളും ആരാധനയിൽ വിഷയിഭവിക്കുന്നതാണ്. (തുടരും)

വീണു. പരാജയ കാരണം പറഞ്ഞുകൊണ്ടാണ് യോശുവ 7-ാം അദ്ധ്യായം ആരംഭിക്കുന്നത്. എന്നാൽ യിസ്രായേൽ മക്കൾ ശപഥാർപ്പിത വസ്തു സംബന്ധിച്ച് ഒരു അകൃത്യം ചെയ്തു (യോശുവ 7:1).

ആഖാൻ എന്ന മനുഷ്യനിലേക്ക് ദൈവവിരോധിയും കൊടിയ ശത്രുവുമായ പിശാച് ജഡത്തിന്റെ ചിന്തയെ നൽകി അവനെ പാപം ചെയ്യുവാൻ പ്രേരിപ്പിച്ചു. "കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായൊരു ബാബിലോണ്യ മേലങ്കിയും 200 ശേക്കൽ വെള്ളിയും 50 ശേക്കൽ തൂക്കമുള്ള പൊൻകട്ടിയും കണ്ടു മോഹിച്ചു എടുത്തു'' (യോശുവ 7:21). മനുഷ്യനെ ദൈവത്തിൽ നിന്നും ദൈവീക സന്തോഷത്തിൽ നിന്നും അകറ്റുവാൻ ശത്രുവായ പിശാച് ഏറെ പ്രവർത്തിക്കുന്നത് ജഡത്തിന്റെ ചിന്തയിലൂടെയാണ്. "കണ്ടു മോഹിച്ചു, എടുത്തു" ആദിയിൽ ഹവ്വയിലും ഇതേ തന്ത്രമാണ് പിശാച് ഉപയോഗിച്ചത്. ''തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിക്കുവാൻ കാമ്യവും" (ഉല്പത്തി 3:6) എന്നു തോന്നിപ്പിച്ചു. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്ത മോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു (യാക്കോബ് 1:14,15).

ദൈവം ചെയ്യരുത് എന്നു കല്പിച്ചത് ആഖാൻ ചെയ്തു. "ഞാൻ അവരോട് കല്പിച്ചിട്ടുള്ള എന്റെ നിയമം അവർ ലംഘിച്ചിരിക്കുന്നു" (യോശുവ 7:11) മോഷ്ടിച്ചെടുത്ത വസ്തുക്കൾ ആഖാൻ ആരും കാണാതെ കൂടാരത്തിനുള്ളിൽ കുഴിച്ചിട്ടു. എന്നാൽ അഗ്നിജ്വാലയ്ക്കൊത്ത കണ്ണുള്ളവനും ഉൾപുകളെയും ഹൃദയങ്ങളെയും ആരാഞ്ഞറിയുന്നവനുമായ ദൈവത്തിന് മറവായിരിക്കുന്നത് ഒന്നുമില്ല. സകല രഹസ്യങ്ങളെയും വെളിപ്പെടുത്തുന്ന ഒരു ദൈവമുണ്ട്. ഒരു ദിവസവും ഉണ്ടെന്ന് മറക്കരുത്.

ആധുനീക ആത്മീക ലോകത്തും അനേക ആഖാൻമാർ ഉണ്ടെന്നുള്ള കാര്യം നാം ഭയത്തോടെ മനസ്സിലാക്കേണ്ടതാണ്. ആഖാന്റെ പാപം സകല ജനത്തിനും പാപഹേതുവായി. ആഖാൻ എന്നാൽ 'വലയ്ക്കുന്നവൻ എന്നാണർത്ഥം' മോഷ്ടിച്ചെടുത്ത വസ്തുക്കൾ അവൻ കൂടാരത്തിനു നടുവിൽ കുഴിച്ചിട്ടു. എന്നിട്ട് യാതൊരു ഭയം കൂടാതെ അവയിൽ പാർത്തു. ഇന്നും അനേക രഹസ്യ പാപങ്ങൾക്ക് അടിമപ്പെട്ട് അവയെ രഹസ്യമാക്കി വച്ച് ആത്മീയതയുടെ മൂടുപടം അണിഞ്ഞ് ആത്മീയരായി നടിച്ച് സ്ഥലം സഭകളിൽ ആരാധിച്ചു വരുന്നവർ ധാരാളമുണ്ട്. അങ്ങനെയുള്ളവരാണ് സഭയുടെയും കുടുംബങ്ങളുടെയും അനുഗ്രഹങ്ങൾക്ക് തടസ്സം. "ശാപം നിങ്ങളുടെ ഇടയിൽ നിന്നും നീക്കാതിരുന്നാൽ ഞാൻ നിങ്ങളോട് കൂടെ ഇരിക്കുകയില്ല' (യോശുവ 7:13) എന്ന് വചനം പറയുന്നു. ഏതൊരുവന്റെയും ആത്മീയ തകർച്ചയ്ക്കു കാരണം രഹസ്യ പാപം തന്നെയാണ്.

ആഖാൻ മോഷ്ടിച്ചെടുത്ത വസ്തുവിനല്ല പ്രാധാന്യം. ദൈവം ചെയ്യരുത് എന്ന് കല്പിച്ചത് അവൻ ചെയ്തു അതാണ് പാപം. അനുസരണക്കേട് പാപം തന്നെയാണ്. അനുസരണം അനുഗ്രഹത്തിന് മുന്നോടിയാണ്. അനുസരണം യാഗത്തെക്കാളും (1 ശമു. 15:22) നല്ലതാണ്. ദൈവകല്പന അനുസരിച്ചാൽ ലഭിക്കുന്ന നന്മ എത്രയോ വലുതാണ്. അവഗണിച്ചാലുള്ള ശിക്ഷയും എത്രയോ ഭയാനകം. ഇന്ന് അനേകർ താല്ക്കാലിക സുഖങ്ങളെ ആഗ്രഹിച്ച് നിത്യ സന്തോഷത്തെ നഷ്ടമാക്കുന്നു. ആഖാനും യിസ്രായേലിനോട് ചേർന്ന് കനാനിൽ അവകാശം പ്രാപിച്ച് സുഖമായി കഴിയാമായിരുന്നു. എന്നാൽ അവന്റെ പാപം മുഖാന്തരം അത് നഷ്ടമായി.

ആഖാൻ താൻ എടുത്ത മോഷണ സാധനങ്ങൾ കൂടാരത്തിൽ ഒളിച്ചു വച്ചു. എന്നാൽ ദൈവം അവന്റെ പാപത്തെ സർവ്വ സഭയ്ക്കും വെളിപ്പെടുത്തി. ഒരു മനുഷ്യൻ എത്ര നാൾ തന്റെ പാപത്തെ മറച്ചു വയ്ക്കാൻ കഴിയും. അല്പനാൾ സഭയോടും കൂട്ടു സഹോദരങ്ങളോടും മറയ്ക്കാൻ കഴിഞ്ഞു എന്നു വന്നേക്കാം. എന്നാൽ ഒരുനാൾ ദൈവം അത് വെളിപ്പെടുത്തും. ഇന്നും നിരവധി രഹസ്യ പാപങ്ങൾ അനേക വിശ്വാസികളിലും തുടർന്നു വരുന്നുണ്ട്. "എന്നാൽ ഇവയൊക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്ക് വരുത്തും എന്നറിക" (സ:പ്ര. 12:9).

ആഖാന്റെ പാപം യിസ്രായേൽ സഭയ്ക്കു മുഴുവൻ അനർത്ഥകാരണമായി ഭവിച്ചു. ആഖാന് ലഭിച്ച ശിക്ഷയും ഭയങ്കരമായിരുന്നു. "യിസ്രായേലെല്ലാം അവനെ കല്ലെറിഞ്ഞു അവരെ തീയിൽ ഇട്ടു ചുട്ടുകളകയും കല്ലെറികയും ചെയ്തു'' ശേഷം അവന്റെ മേൽ അവർ വലിയ കൽക്കുന്നു കൂട്ടി. അത് ഇന്നുവരെ ഇരിക്കുന്നു (7:25, 26). സർവ്വജനത്തിനും ഈ കൽക്കൂമ്പാരം ഒരു മൗന സാക്ഷ്യം വഹിക്കുന്നു. പ്രിയരെ പാപത്തെ നാം ഏറെ ഭയക്കേണ്ടതാണ്. അവയെ വിട്ടൊഴിഞ്ഞ് വിശുദ്ധരായി ജീവിക്കുന്നത് ഒരു ദൈവപൈതലിന് എത്രയോ കാമ്യമാണ്. നമ്മുടെ കർത്താവ് വരാറായി. ●

# വഞ്ചനയിൽ മനുഷ്യന്റെ പങ്ക്

വി.എം. ജോൺ, ചേത്തയ്ക്കൽ

**വ**ഞ്ചിക്കപ്പെടാതിരിക്കണമെങ്കിൽ നമ്മുടെ എതിരാളിയെ മനസ്സിലാക്കിയിരിക്കണമെന്ന് പൗലൊസ് പ്രബോധിപ്പിക്കുന്നു. “സാത്താൻ നമ്മെ തോൽപ്പിക്കരുത്; സാത്താന്റെ തന്ത്രത്തെ നാം അറിയാത്തവരല്ലല്ലോ” (2 കൊരി. 2:11). ദൈവത്തിനെതിരെ ജനത്തിന്റെ മത്സരത്തിന് സാത്താനെയും പിശാചുക്കളെയും കുറ്റപ്പെടുത്തുവാൻ ശ്രമിക്കുന്നത് തെറ്റാണ്. സ്വാർത്ഥരായ മനുഷ്യനും ഇതിന് കുറ്റക്കാരാണ്. വേദപുസ്തകം പറയുന്നു “അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നേ, ദൈവത്തിന്റെ ജീവനിൽ നിന്ന് അകന്നു” (എഫെ. 4:18) എന്നാണ്. മാത്രമല്ല റോമർ 1:16-32 വരെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വായിച്ചാൽ താഴെപറയുന്ന വിധം സംഗ്രഹിക്കാവുന്നതാണ്.

രക്ഷ യേശുക്രിസ്തുവിന്റെ സുവിശേഷത്തിൽ വിശ്വസിക്കുന്ന ഏവർക്കും ഉള്ളതാണ് (വാ. 16,17).

വീണുപോയ സ്വാർത്ഥരായ മനുഷ്യൻ പിശാചിനോട് ചേർന്നുകൊണ്ട് സത്യത്തെ മറയ്ക്കുന്നു (വാ. 18).

ദൈവത്തിന്റെ സ്വഭാവവും സവിശേഷതകളും സൃഷ്ടിയിൽ തെളിവായി വെളിപ്പെടുന്നു (വാ.20).

പാപിയായ മനുഷ്യൻ ഈ പരിജ്ഞാനത്തിനു നന്ദിയുള്ളവരല്ല (വാ. 26).

ഒരു വ്യാജത്തിനുപകരമായി അവർ ഈ സത്യത്തെയും പരിജ്ഞാനത്തെയും തള്ളിക്കളയും (വാ. 23,25)

മനുഷ്യർ വ്യാജം പറയുന്നതാണ് തിരഞ്ഞെടുക്കുന്നത്. “ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ട് അവർ ഭോഷൻമാരായിപ്പോയി” (വാ. 22) അവർ ദൈവത്തിന്റെ പരിജ്ഞാനത്തിൽ നിലനിൽക്കുന്നില്ല (വാ.28).

ദൈവവചനത്തിൽ പറഞ്ഞിരിക്കുന്ന കല്പനകൾ അംഗീകരിക്കുവാൻ മനുഷ്യവർഗ്ഗം എതിർത്തു നിൽക്കുന്നു (വാ. 25).

അങ്ങനെ ദൈവം ഈ മത്സരികളെ അവരുടെ ദുരാഗ്രഹങ്ങൾക്ക് ഏല്പിച്ചു കളയുന്നു (വാ. 24,26,28).

അപമാനത്തിനും അശുദ്ധിയിലും മൂഢാചാരങ്ങൾക്കും ഏൽപിക്കപ്പെടുന്നു (വാ. 24, 25)

സ്വഭാവവിരുദ്ധ ലൈംഗികതയിൽ താല്പര്യം (വാ. 28,27).

നികൃഷ്ടമായ ജീവിതരീതികൾ (വാ. 28,32).

യേശുക്രിസ്തു ജനത്തെ പാപത്തിൽ നിന്നു സ്വതന്ത്രരാക്കുന്നതിനാണ് വന്നത്. എന്നാൽ പാപപൂർണ്ണനായ മനുഷ്യൻ ഇതിൽ നിന്നും മോചനം ആഗ്രഹിക്കുന്നില്ല. അവരുടെ സ്വന്തവഴികൾ പിൻതുടരാനാണ് അവർ താല്പര്യപ്പെടുന്നത്.

കർത്താവിനെ അറിഞ്ഞവർ പോലും പിൻമാറിപ്പോകാവുന്നതാണ് (എബ്രാ. 10:26-28). പൈശാചിക വഞ്ചനയാൽ അവർ വഴിതെറ്റിപ്പോകാം. “എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവ് തെളിവായി പറയുന്നു” (1 തിമൊ. 4:1). തെറ്റായ പെരുമാറ്റത്തെ സാരമില്ല എന്നു പറഞ്ഞ് ഇളവു ചെയ്യുന്ന ഉപദേഷ്ടാക്കന്മാരെ ജനം അന്വഷിക്കും. വേദപുസ്തക സത്യങ്ങളെക്കാൾ ജനം കേൾക്കാൻ ഇഷ്ടപ്പെടുന്നതുമാത്രം അവർ പറയും. “അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും (1 തിമൊ. 4:3-4)

ആകയാൽ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ ഉപദേഷ്ടാക്കന്മാർ വേദപുസ്തകം പഠിപ്പിക്കുന്നതു മാത്രം ഉപദേശിക്കുവാൻ വിശ്വസ്തരായിരിക്കേണ്ടതാണ്. “വിരോധികൾക്കു ദൈവം സത്യത്തിന്റെ പരിജ്ഞാനത്തിനായി മാനസാന്തരം നൽകുമോ എന്നും പിശാചിനാൽ പിടിപെട്ടു കുടുങ്ങിയവരാകയാൽ അവർ സുബോധം പ്രാപിച്ചു അവന്റെ കണിയിൽ നിന്ന് ഒഴിഞ്ഞ് ദൈവേഷ്ടം ചെയ്യുമോ എന്നും വെച്ച് അവരെ സൗമ്യതയോടെ പഠിപ്പിക്കേണ്ടതുമാകുന്നു” (2 തിമൊ. 2:25-26). ദൈവം നമ്മെ യഥാർത്ഥമായി സ്നേഹിക്കുന്നു എന്നു ദൈവവചനം പറയുന്നതിപ്രകാരമാണ്. നാം അഭക്തരായിരുന്നു എങ്കിലും ക്രിസ്തു നമുക്കു വേണ്ടി മരിച്ചു (റോമർ 5:6). നാം പാപികളായിരുന്നുവെങ്കിലും ദൈവം നമ്മെ നീതീകരിച്ചിരിക്കുന്നു. നാം ദൈവത്തിന്റെ ശത്രുക്കളായിരുന്നു (റോമർ 5:8). എങ്കിലും ഇപ്പോൾ ക്രിസ്തു മുഖാന്തരം മനുഷ്യവർഗ്ഗത്തെ ദൈവത്തോട് നിരപ്പിച്ചു (റോമർ 5:10)

വഞ്ചനയിലും പാപത്തിലും ബന്ധിക്കപ്പെട്ടിരുന്ന നമ്മെ സ്വതന്ത്രരാക്കുവാനും ശാരീരിക മരണത്തിനു ശേഷം നമുക്കു നിത്യജീവൻ നൽകുവാനും ക്രിസ്തു വന്നു: ക്രിസ്തു നമുക്കുവേണ്ടി ക്രൂശിൽ തന്റെ ജീവൻ നൽകിയതുകൊണ്ടാണ് നമുക്ക് അത് ലഭിക്കുന്നത്. ദൈവത്തിന്റെ വഴികളെ അനുഗമിക്കുന്നതിലും അനുസരിക്കുന്നതിലും വിശ്വസ്തരായിരുന്നാൽ വാഗ്ദത്തം ചെയ്തത്

# ഓർമ്മകളിലൂടെ കണ്ടെത്തൽ

വിദ്വാൻ സി.ജെ. ചാക്കോ, തടിയൂർ

“അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു” എഫെ. 4:11

വചനാധിഷ്ഠിതമായ ഔദ്യോഗിക സ്ഥാനത്തിന്റെ വിശദമായ പഠനവും ആത്മരക്ഷാപരമായ അവസ്ഥയും നാം വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്. പലർക്കും സഭാഭരണം സംബന്ധിച്ചും ദൈവം നൽകിയിരിക്കുന്ന ഔദ്യോഗിക സ്ഥാനം സംബന്ധിച്ചും വികലമായ ഒരറിവ് മാത്രമാണുള്ളത്. ആക്കിവയ്ക്കപ്പെട്ട ശുശ്രൂഷകന്മാർക്കുള്ള ഉത്തരവാദിത്തം ശ്രദ്ധേയവും അനുപേക്ഷണീയവുമാണ്. വലിയതും വിലയേറിയതുമായ നിബന്ധനകൾ വളരെ പ്രാധാന്യമർഹിക്കുന്നു. വ്യക്തിപരമായ ശുശ്രൂഷകൾ അവസാനിപ്പിക്കാനാണ് സാത്താൻ ആദ്യമായി ശ്രമിക്കുന്നത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു തിരുസഭയെ ഭരമേല്പിച്ചിരിക്കുന്ന ഉപനിധിയാണ് സുവിശേഷം. സുവിശേഷം ആശയമല്ല. നേരെമറിച്ച് ആളത്തമാണ്. ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവാകുന്നു സുവിശേഷം. സുവിശേഷത്തിനോ ബന്ധനമില്ലെന്ന യാഥാർത്ഥ്യം അസന്നിഗ്ധമായി പ്രഘോഷണം ചെയ്യുന്ന സഭാചരിത്ര സാക്ഷ്യങ്ങൾ കഴിഞ്ഞ 20 നൂറ്റാണ്ടുകളിലൂടെ വ്യക്തമായി മനസ്സിലാക്കുവാൻ നമുക്കു സാധിക്കുന്നുണ്ടല്ലോ. ഈ സുവിശേഷ സത്യങ്ങൾ ഉദ്ഘോഷിക്കുവാൻ ഓരോ വിശ്വാസിയെയും ദൈവവചനം ആഹ്വാനം ചെയ്യുന്നു.

സദുപദേശത്തിന്റെയും വിശ്വാസത്തിന്റെയും വചനത്താൽ പോഷിപ്പിക്കപ്പെട്ടവരാണ് സീനിയേഴ്സായ ഉപദേഷ്ടാക്കന്മാർ. ശരീരം ക്രമമായ ഭക്ഷണത്താൽ പോഷിക്കപ്പെട്ടിരിക്കുന്നതുപോലെ സുവിശേഷകന്മാർ തിരുവചനമാകുന്ന പഥ്യോപദേശത്താൽ പുഷ്ടിപ്പെട്ട് വളർച്ച പ്രാപിച്ചുകൊണ്ടിരിക്കണം. ദൈവഭക്തിക്കനുസരണമായ അഭ്യാസം ദൈവവചനത്തിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കണം. അങ്ങനെയുള്ള യഥാർത്ഥ ദൈവഭക്തി ശരീരത്തിനും മനസ്സിനും ആത്മാവിനും ഒരുപോലെ ആരോഗ്യദായകമാണ്.

നാളത്തെ ജീവിതത്തിന് ആരംഭം ഇടുന്നതാണ് ഇന്ന്. അതുകൊണ്ട് ഇന്നത്തെ ജീവിതത്തിന് വളരെ പ്രാധാന്യമുണ്ട്.

ക്രിസ്തീയ ജീവിതത്തിന് വ്യക്തമായ ഒരു ലക്ഷ്യമുണ്ട്. “വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവാണ് ഏക ലക്ഷ്യം”. എബ്രാ. 12:2.

ലക്ഷ്യം ലഘുവാണെങ്കിൽ അതു നേടുവാനുള്ള ക്ലേശം വളരെ കുറവാണ്. എന്നാൽ ലക്ഷ്യം ശ്രേഷ്ഠമെങ്കിൽ നേട്ടത്തിലെത്താൻ അതിനടുത്ത ക്ലേശവുമുണ്ടാകും.

ധീരോദാത്തരായി ജീവിതരണാങ്കണത്തിൽ ക്രിസ്തുവിന് വേണ്ടി സമർപ്പിക്കപ്പെട്ടവരുടെ അനുഭവങ്ങളിൽ തെളിഞ്ഞു നിൽക്കുന്ന അനിതരസാധാരണങ്ങളായ ചില പ്രത്യേകതകൾ താഴെ ചേർക്കുന്നു.

“ഞാൻ നല്ല പോർ പൊരുതു; ഓട്ടം തികച്ചു; വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു” 2 തിമൊ. 4:7.

---

നിവർത്തിപ്പാൻ ദൈവത്തിന് കഴിയും. വിശ്വാസികൾ എന്ന നിലയിൽ യേശുക്രിസ്തു മൂഖാന്തരം ദൈവത്തിന്റെ സാന്നിദ്ധ്യത്താൽ നാം അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ദൈവത്തെ എവിടെ യഥാർത്ഥമായി സ്വാഗതം ചെയ്യുകയും ആത്മാവിലും സത്യത്തിലും ആരാധിക്കുകയും (യോഹ. 4:23,24) ചെയ്യുന്നുവോ അവിടെ ദൈവത്തിന്റെ മഹത്വവും സാന്നിദ്ധ്യവും ഉണ്ടായിരിക്കും (മത്തായി 18:20).

എന്നാൽ ജനത്തെ വഞ്ചനയിലേക്കും ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടിലേക്കും നയിക്കുക എന്നതാണ് എതിർ ക്രിസ്തുവിന്റെ ആത്മാവിന്റെ ലക്ഷ്യം. എങ്കിലും ദൈവത്തെ ഉപദ്രവിക്കുവാൻ അവനു സാദ്ധ്യമല്ല. അതുകൊണ്ട് സാത്താൻ ദൈവത്തിന്റെ സ്നേഹപാത്രമായ സകല മനുഷ്യരെയും വഞ്ചന എന്ന ആയുധം കൊണ്ട് ആക്രമിക്കുവാൻ ശ്രമിക്കുന്നു. അങ്ങനെ ഏകസത്യദൈവത്തെ അറിയുന്നതിൽ നിന്നും ദൈവീക രക്ഷാപദ്ധതിയിൽ നിന്നും മനുഷ്യരെ വഴിതെറ്റിക്കുന്നു.

ഒരു കാര്യം നാം അറിഞ്ഞിരിക്കണം. ശക്തനായ ഒരു ദൈവത്തെയാണ് നാം സേവിക്കുന്നത്. ക്രിസ്തുവിന്റെ വെളിച്ചത്തിൽ ജീവിക്കുക, അവന്റെ വെളിച്ചത്തിൽ നടക്കുക. നിങ്ങളിൽക്കൂടെ ആ വെളിച്ചം ലോകത്തിനു പ്രകാശിക്കട്ടെ. സ്വയം വഞ്ചനയിൽ വീഴാതെ തന്നെത്താൻ സൂക്ഷിച്ചുകൊണ്ടാൽ നിരാശരാകാതെ ദൈവമുമ്പാകെ പ്രത്യക്ഷരാകാൻ ഇടവരും. ലോകത്തിലെ വഞ്ചന, പിശാചിന്റെ വഞ്ചന ഇവയെ തിരിച്ചറിഞ്ഞു ജീവിക്കുവാൻ ഏവർക്കും ഇടയാകട്ടെ. നാം ദൈവത്തിന്റെ മന്ദിരമല്ലോ. ●

അപ്പൊസ്തലനായ പൗലൊസിന്റെ ജീവിത സായാഹ്നത്തിൽ തന്റെ സ്മൃതിപഥത്തിൽ ഉണർന്നുവന്ന ഉത്കൃഷ്ട സ്മരണകളാണ് പ്രസ്തുത വാക്യത്തിലൂടെ വെളിവാകുന്നത്. ദമസ്ക്കൊസിന്റെ പടിവാതിൽക്കൽ വച്ച് തനിക്ക് ലഭിച്ച സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേട് കാണിക്കാതെ സത്യസാക്ഷ്യം വഹിച്ച താൻ ഇപ്പോൾ പലരാലും ഉപേക്ഷിക്കപ്പെട്ടവനാണ്. സുവിശേഷം നിമിത്തം തനിക്കു ലഭിച്ച കാരാഗൃഹവാസാനുഭവത്തേക്കാൾ വേദനാജനകമായിരുന്നു തന്റെ സ്നേഹിതന്മാരുടെ അകൽച്ച നിമിത്തമുണ്ടായത്. തന്റെ ഉറ്റ തോഴരായിരുന്ന ദേമാസ്, ക്രേസ്തസ്, തീത്തോസ്, തിഹിക്കോസ്, ലൂക്കോസ്, മർക്കൊസ് എന്നിവരൊക്കെ വിട്ടുമാറിയത് തികച്ചും വേദനാജനകം തന്നെയായിരുന്നു. ഭവിഷ്യത്തു മനസ്സിലാക്കാതെ കലപ്പയ്ക്കു കൈവയ്ക്കുന്നവർക്കു നേരിടുന്ന അനുഭവമാണ് പിന്മാറ്റം. ആദ്യ സ്നേഹം തണുത്തുപോയ വ്യക്തി ജീവിതങ്ങൾ അഭിലഷണീയങ്ങളല്ല. തന്റെ കഴിഞ്ഞ 30 വർഷത്തെ ആത്മീയ ശുശ്രൂഷകൾ പുനരവലോകനം ചെയ്യുന്നതാണ് 2 തിമൊ. 4:7 ൽ നാം കാണുന്നത്.

**1. ഞാൻ നല്ല പോർ പൊരുതു. 2 തിമൊ. 4:7**

അവിശ്രമം പോരാടിയ ഒരാൾ തന്റെ മുഴുശക്തിയുമുപയോഗിച്ച് പോരാടിയശേഷം 'ഇനി അശേഷം വയ്യാ' എന്ന് ചിന്തിച്ചുകൊണ്ട് കൃതാർത്ഥതയോടെ തന്റെ ഗതകാല ആത്മീയ പോരാട്ടത്തെ ഒന്നു വിലയിരുത്തുന്ന വിജയധ്വനിയാണ് ഈ വാക്യശകലത്തിലൂടെ മുഴങ്ങി കേൾക്കുന്നത്. കഴിഞ്ഞ 30 വർഷം അനുഭവപ്പെട്ട ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നും ഭാവികാല പ്രത്യാശയിൽനിന്നും വർത്തമാനകാലാനുഭവങ്ങളിലേക്ക് ശ്രദ്ധതിരിക്കുന്ന പൗലൊസിന്റെ അതിശ്രദ്ധേയങ്ങളായ വാക്കുകൾ ചിന്താർഹങ്ങളാണ്.

റോമക്കാർക്ക് സുപരിചിതമായ രൂപകമാണ് 'ഭടൻ' എന്നത്. പടയാളിയുടെ ജീവിതവുമായി സാമ്യപ്പെടുത്തി ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നത് റോമാക്കാരുടെ ഒരു പ്രത്യേകതയാണ്. സ്വാമിഭക്തി, അനുസരണം, വിശ്വസ്തത, ഏതുനിയോഗവും അനുസരിപ്പാനുള്ള സന്നദ്ധത തുടങ്ങിയവയുടെ പ്രതീകമാണ് ഭടൻ. സുദീർഘവും വൈവിദ്ധ്യപൂർണ്ണവുമായ യുദ്ധസേവയാണ് ഓരോ മനുഷ്യന്റെയും ജീവിതമെന്ന് റോമാക്കാർ കരുതുന്നു. പ്രസ്തുത ചിന്തയോടെ ഞാൻ നല്ല പോർ പൊരുതിയെന്ന് പൗലൊസ് ഓർക്കുകയാണ്. ജീവിതായോധനത്തിൽ കർത്താവിനുവേണ്ടി നല്ല പോർ പൊരുതുവാൻ കർത്താവ് ഓരോരുത്തരെയും സഹായിക്കുമാറാകട്ടെ.

**2. ഓട്ടം തികച്ചു. 2 തിമൊ. 4:7**

3-ാം മിഷണറി യാത്ര കഴിഞ്ഞ് യറുശലേമിലേക്ക് മടങ്ങുമ്പോൾ മിലേത്തോസിൽ വെച്ച് എഫെസൊസിലെ മൂപ്പന്മാരോട് പൗലൊസ് പറഞ്ഞ വാക്കുകളുടെ പൂർത്തീകരണമാണ് ഈ പ്രസ്താവന. അ. പ്ര. 20:24. ജീവിച്ചിരിക്കുമ്പോൾ തന്നെ "ഓട്ടം തികച്ചു" എന്ന് സംശയാതീതമായി പറയുവാൻ പൗലൊസിനു സാധിച്ചു. ഇതേവിധം വിശ്വാസികളായ നമ്മുടെ ജീവിതത്തിലും നല്ല ആത്മീയാനുഭവങ്ങളുടെ പൂർത്തീകരണം ഉണ്ടാകേണ്ടതാവശ്യമാണ്.

**3. വിശ്വാസം കാത്തു 2 തിമൊ. 4:7**

യജമാനനോടുള്ള തന്റെ ഭയഭക്ത്യാദി അനുഭവങ്ങൾ അഭംഗുരം പുലർത്തിയെന്ന ചിന്ത ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. എന്നെ വിശ്വസിച്ച് ഭരമേല്പിച്ചിരുന്ന ഉപനിധി ഞാൻ കാത്തുസൂക്ഷിച്ചുവെന്ന യാഥാർത്ഥ്യം വ്യക്തമാക്കുന്നതൊടൊപ്പം ആ ദൗത്യം തിമൊഥെയൊസിനെ ഭരമേല്പിക്കുകയും ചെയ്തുവെന്നതിന്റെ ഔചിത്യം നമുക്കു മനസ്സിലാക്കുവാൻ സാധിക്കും.

ദൗത്യം പൂർണ്ണമായി നിറവേറ്റിയ ഒരാൾക്ക് സ്വാഭാവികമായുണ്ടാകാവുന്ന വിജയകിരീടത്തെക്കുറിച്ചുള്ള പ്രതീക്ഷയും ഇവിടെ കാണുന്നു. നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. ദുഷ്ടനായ നീറോ ചക്രവർത്തി പൗലൊസിനെ കുറ്റക്കാരനായി ചിത്രീകരിക്കുന്നു. എന്നാൽ നീതിമാനായ കർത്താവ് തന്നെ നീതിമാനെന്ന് വിധിച്ച് നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. എത്ര ശ്രേഷ്ഠമായ ഒരനുഭവം! ക്രിസ്തുവിൽ പ്രിയം വച്ചിട്ടുള്ള ഏവർക്കും ലഭിക്കുന്ന ശ്രേഷ്ഠമായ ഒരനുഭവമാണിത്.

നമ്മുടെ ഗതകാല സ്മരണകൾ ഉദാത്തമായ ആത്മീയാനുഭവങ്ങളോടു കൂടിയവയായിരിപ്പാൻ വലിയവനായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ●

**ന്യൂ ലൈഫ് ബുക്ക് ഷോപ്പ് (ചെറുപുഴ) :**
ബൈബിളുകൾ, പാട്ടുപുസ്തകങ്ങൾ, കമന്ററികൾ, സ്റ്റഡി ബൈബിളുകൾ, സി.ഡി., ഡി.വി.ഡി.കൾ, വാക്യബോർ ഡുകൾ തുടങ്ങിയവയ്ക്കും ഫെയ്ത്ത് മിനിസ്ട്രയുടെ (അറ്റ്ലാന്റ) ബൈബിൾ ക്ലാസ്സുകളുടെ സൗജന്യ സി.ഡി.കൾക്കും ബന്ധപ്പെടുക. പി.എം. ഏബ്രഹാം, ന്യൂ ലൈഫ് ബുക്ക് ഷോപ്പ്, പി.ബി. നമ്പർ - 2, ചെറുപുഴ പി.ഒ., കണ്ണൂർ, 670511

# ദൈവത്തെ അറിയുന്ന ഒരു തലമുറ

സണ്ണി റ്റി. ഫിലിപ്പ്, മല്ലശ്ശേരി

അബ്രാഹാമിനും അവന്റെ സന്തതിപരമ്പര കൾക്കുമായി കനാൻ ദേശം നൂറ്റാണ്ടുകൾക്കു മുൻപേ വാഗ്ദത്തം ചെയ്തിരുന്നതാണ്. ദൈവം തന്റെ വാഗ്ദത്തത്തിൽ വിശ്വസ്തനുമായിരുന്നു. എന്നാൽ യിസ്രായേൽ ജനം വിവിധനിലകളിൽ ദൈവത്തോട് അവിശ്വസ്തത കാണിച്ചതുമൂലം അവർക്ക് അതു ലഭിക്കുവാൻ താമസം നേരിട്ടു. എങ്കിലും കരുണാമയനായ ദൈവം അവരെ കൈവിടാതെ വാഗ്ദത്ത നാട്ടിൽ പ്രവേശിക്കുവാൻ അവസരം നൽകി. യോസേഫിന്റെ പേരിൽ പരിലാളനമേറ്റു കഴിഞ്ഞിരുന്ന യിസ്രായേൽ ജനത ഇടയ വർഗ്ഗമായതുകൊണ്ട് ശാരീരിക അദ്ധ്വാന ത്തിനു യോജിച്ചവരല്ലായിരുന്നു. എന്നാൽ മിസ്ര യിമ്യർ ദേശത്തിന്റെ സംരക്ഷണത്തിനായി കോട്ട കളും മറ്റും തീർക്കേണ്ടതിന് യിസ്രായേൽ മക്ക ളുടെ മേൽ ദൃഷ്ടിവെച്ചു. അന്നുവരെ കഠിനമായ ശാരീരിക അദ്ധ്വാനത്തിൽ ഏർപ്പെടാതിരുന്ന യിസ്ര യേൽ മക്കൾക്ക് കഠിനമായ ഇഷ്ടിക നിർമ്മാണവും പാണ്ടിശാല നിർമ്മാണവും ഒരു വിധത്തിലും താങ്ങുവാൻ കഴിഞ്ഞില്ല. അന്യനാട്ടിലെ കഠിന വേല നിമിത്തം അവർ വളരെ കരഞ്ഞു. ഒടുവിൽ ദൈവം അവരുടെ നിലിവിളികേട്ടു. മോശെയുടെ നേതൃത്വത്തിൽ അവർക്ക് സ്വാതന്ത്ര്യം ലഭിച്ചു. അവർ വാഗ്ദത്ത ദേശത്തെക്ക് യാത്രതുടരുന്നു. എന്നാൽ അനുസരണക്കേടുമൂലം വീണ്ടും അവർ ക്ക് കഷ്ടം ബഹുലമായി അനുഭവപെട്ടു. സംശയ ത്താലും അനുസരണക്കേടിനാലും പ്രയാസം അനുഭവിച്ചു. ഒടുവിൽ ഒരു വീര യോദ്ധാവായ യോശുവയുടെ നേതൃത്വത്തിൽ ഒരു പുതിയ തല മുറ വാഗ്ദത്ത നാട്ടിലെത്തുന്നു വിശ്വാസത്തിന്റെ യും, ധൈര്യത്തിന്റെയും അനുസരണ ജീവിത ത്തിന്റെയും ഒരു ഉജ്ജ്വല മാതൃകയാണ് യോശുവ.

വാസ്തവത്തിൽ യിസ്രയേൽ മക്കൾ വിജയം കരസ്ഥമാക്കിയത് പ്രധാനമായും സൈനിക നീക്കങ്ങളിലുടെയാണ്. എന്നാൽ യഥാർത്ഥത്തിൽ അവയൊക്കെയും ദൈവിക പരിപാലനത്താലുള്ള നീക്കങ്ങൾ ആയിരുന്നു. ക്രമേണ ഈ തലമുറയ്ക്ക് ദുഷ്ടശക്തികളുമായി പോരാടേണ്ടിവന്നു. അവർ അതിൽ പലതിലും പരാജയപ്പെട്ടതായി നാം വായിക്കുന്നു. അവരുടെ വിശ്വാസ ത്യാഗത്തിന്റെ ഫലമായി ദൈവം അവരെ ശത്രുക്കളുടെ കൈയ്യിൽ ഏൽപ്പിക്കുന്നതായി നാം ന്യായാധിപന്മാരുടെ പുസ്തകത്തിൽ വായിക്കുന്നു.

യഹോവയെ സേവിച്ച തലമുറ ഒക്കെയും തങ്ങളുടെ പിതാക്കന്മാരോടു ചേർന്നപ്പോൾ അവ രുടെ ശേഷം യഹോവയെയും അവൻ യിസ്രായേ ലിനുവേണ്ടി ചെയ്തിട്ടുള്ള പ്രവൃത്തികളെയും അറിയാത്ത വേറൊരു തലമുറ ഉണ്ടായി (ന്യായാ. 2:10). അടുത്ത വാക്യത്തിൽ നാം വായിക്കുന്നത് “എന്നാൽ യിസ്രായേൽ മക്കൾ യഹോവക്ക് അനിഷ്ടമായുള്ളത് ചെയ്ത് ബാൽ വിഗ്രഹങ്ങളെ സെവിച്ചു” എന്നാണ്. 3000 ത്തിലധികം വർഷ ങ്ങൾക്കു മുൻപ് സംഭവിച്ച കാര്യങ്ങൾ ഇന്നും ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ അവസ്ഥയെക്കുറിച്ച് നമ്മളെല്ലാവരും വളരെ ഗൗരവത്തോടെ ചിന്തിക്കേണ്ടതാണ്. ആത്മീയ ഗോളത്തിലെ അലങ്കോലപ്പെട്ട നിലവാരം, ശിശു ക്കളും, യുവാക്കളും ഇല്ലാത്ത സഭകൾ, മുതിർന്ന പൗരന്മാരും വിരലിലെണ്ണാവുന്നവരും മാത്രമാ യുള്ള സഭകൾ; അടുത്ത തലമുറ എവിടെ? നമ്മുടെ ദേശത്ത് ആത്മീയാരോഗ്യം നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്.

സമൂഹത്തിന്റെ മൗലിക ഘടകമാണ് കുടുംബം. കുടുംബം ദൈവവചന പ്രകാരം പോയാൽ സഭ സംരക്ഷിക്കപ്പെടും. സഭയുടെ പുരോഗതി അനു സരിച്ച് ദേശത്തിന്റെ പുരോഗതി നിർണ്ണയിക്ക പ്പെടും. സഭ പരാജയപ്പെട്ടാൽ ദേശം ആത്മീയ തയിൽ നിന്നും അകന്നുപോകും. കുടുംബം പരാജ യപ്പെടുമ്പോൾ ദേശത്തിലെ അടുത്ത തലമുറ പൂർണ്ണമായി ചിന്നിചിതറും. ചരിത്രം ആവർത്തി ക്കുന്നില്ലേ? ഇപ്പോഴത്തെ മുതിർന്ന പൗരന്മാർ മണ്ണോടു ചേർന്നു കഴിയുമ്പോൾ (ഉദ്ദേശ്യം 20-25 വർഷത്തിനുള്ളിൽ) ദൈവത്തെ അറിയാത്ത ഒരു തലമുറ നമ്മുടെ ദേശത്ത് പ്രവർത്തന നിരതരാ യിത്തീരും.

എവിടെ നോക്കിയാലും ബാൽ വിഗ്രഹങ്ങൾ. കഴുത്തിലും, കയ്യിലും, തലമുടിയിലും, മേക്കപ്പിലും മാത്രമല്ല കല്ലുപതിച്ച വസ്ത്രങ്ങളിലും എല്ലാം ഒരു മാറ്റം കാണുന്നില്ലേ? ഈ സാഹചര്യത്തിൽ നമുക്ക് എന്തു ചെയ്യുവാൻ കഴിയും? ദൈവകാര്യങ്ങ ളിലേക്ക് നമ്മെ എങ്ങനെ പ്രയോജനപ്പെടുത്താം എന്നത് കുടുംബങ്ങളിലുടെ, സഭകളിലുടെ ദേശ ങ്ങളിലേക്ക് വ്യാപരിക്കേണ്ടത് ഇന്നിന്റെ ആവശ്യ മാണ്. കുടുംബവും സഭയും ഒത്തുചേർന്ന് യുദ്ധ കാലാടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ടത് അത്യാ വശ്യമാണ്. അതിനായി ചില നിർദ്ദേശങ്ങൾ:

1. നാം എന്തുവിശ്വസിക്കുന്നു, എങ്ങനെ പ്രവർ ത്തിക്കുന്നു എന്നത് ബൈബിളിന്റെ അടിസ്ഥാന ത്തിലായിരിക്കണം (2 തിമൊ. 3:16).

# ദാനിയേൽ പ്രവചനം - 20

ഡോ. ഒ.എം. ശാമുവേൽ

കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ച പുനരുത്ഥാനത്തിനു ശേഷമുള്ള അഞ്ചു പ്രത്യക്ഷതകളിലെ ആത്മീയ സത്യം ഇന്നും ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. പിതാവിന്റെ വലത്തുഭാഗത്ത് കർത്താവ് ചെയ്തുകൊണ്ടിരിക്കുന്ന പൗരോഹിത്യ ശുശ്രൂഷയുടെ ഒരു മങ്ങിയനിഴലായി ഈ പ്രത്യക്ഷതകളെ പരിഗണിക്കുന്നതിൽ തെറ്റില്ല. യേശുക്രസ്തു കണ്ണുനീർ തൂകുന്നവർക്ക് ഇന്നും ആശ്വാസദായകൻ തന്നെ. ജീവിതയാത്രയിൽ നിരാശപ്പെടുന്നവർക്ക് കൂട്ടാളിയാണ്. കുറവുകളും തെറ്റുകളും ഉള്ളവരെ അവൻ യഥാസ്ഥാനപ്പെടുത്തുന്നു. തന്റെ ദാസന്മാർക്ക് വേലയ്ക്കായിട്ടുള്ള നിർദ്ദേശങ്ങളും കർത്താവ് നൽകുന്നു. കുറഞ്ഞോന്നു കഴിഞ്ഞ് നിങ്ങൾ സന്തോഷിക്കുമെന്നുള്ള വാക്കുകൾ എത്രയോ അർത്ഥവത്താണ്.

കുറഞ്ഞോന്നു (അല്പകാലം) little while എന്ന പദപ്രയോഗം ലേഖനങ്ങളിലും രണ്ടു പ്രാവശ്യം വരുന്നു. 1 പത്രൊസ് 5:10-ൽ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കാം. "എന്നാൽ അല്പകാലത്തേക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിന്നായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും." അല്പകാലത്തേക്കുള്ള കഷ്ടം. ക്രിസ്തീയ ജീവിതത്തിലെ കഷ്ടതയുടെയും കണ്ണുനീരിന്റെയും അനുഭവങ്ങൾ അല്പകാലത്തേക്കുള്ളതാണ്. അതു വേഗം മാറും. കാർമേഘ പടലങ്ങൾ വളരെ വേഗത്തിൽ മാറുകയും പ്രകാശം വേഗം ഉദിക്കുകയും ചെയ്യും. നമുക്കു ലഭിക്കാൻ പോകുന്ന സന്തോഷം നിത്യത മുഴുവനും നില നിൽക്കുന്നതാണ്. അതുമായി താരതമ്യപ്പെടുത്തുമ്പോൾ ഇപ്പോഴുള്ള കഷ്ടതകൾ കേവലം ക്ഷണികങ്ങൾ മാത്രം. എബ്രാ. 10:37-ലും മറ്റൊരു അല്പകാലത്തെക്കുറിച്ച് വിശദീകരിക്കുന്നത് നോക്കാം. "ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ട് വരുവാനുള്ളവൻ വരും താമസിക്കയുമില്ല." യേശുക്രിസ്തുവിന്റെ പുനരാഗമനം വളരെ വേഗം സംഭവിക്കുമെന്നാണ് വിവക്ഷ. ഒരു പക്ഷെ നമ്മുടെ കാത്തിരിപ്പ് വളരെ നീണ്ടു പോകുന്നു എന്നു തോന്നിയേക്കാം. കർത്താവിന്റെ സമയവുമായി നോക്കുമ്പോൾ അല്പകാലം കൂടി കാത്തിരുന്നാൽ മതി.

**1. യേശുക്രിസ്തുവിന്റെ നാമത്തിലുള്ള പ്രാർത്ഥന (യോഹ.16:23-27)**

യേശുക്രിസ്തുവിന്റെ നാമത്തിലുള്ള പ്രാർത്ഥനയെക്കുറിച്ച് ആറ് പ്രാവശ്യം ആവർത്തിച്ച് പറയുന്നുണ്ട് (യോഹ.14:13,14; 15:16,23,24,26). പ്രാർത്ഥനയുടെ ശുശ്രൂഷയിലെ നവീന അദ്ധ്യായമാണിത്. പഴയനിയമ പിതാക്കന്മാർ യഹോവ എന്ന നാമത്തിലാണ് ദൈവത്തെ സമീപിച്ചിരുന്നത്. ദൈവം ഗോത്രപിതാക്കന്മാരോട് ചെയ്ത ഉടമ്പടിയുടെ അടിസ്ഥാനത്തിൽ അവർ യഹോവയോട് പ്രാർത്ഥിച്ചിരുന്നു. എന്നാൽ പുതിയനിയമവിശ്വാസികൾക്ക് പുത്രന്റെ നാമത്തിൽ പ്രാർത്ഥിക്കാം. യേശുക്രിസ്തുവിന്റെ നാമത്തിന്റെ സവിശേഷത എന്താണ്. യേശുക്രിസ്തുവല്ലെ നമ്മുടെ വീണ്ടെടുപ്പ് ക്രൂശിൽ പൂർത്തിയാക്കിയത്. പാപപരിഹാര ബലിക്കു ശേഷം യേശുക്രിസ്തു പിതാവിന്റെ വലത്തുഭാഗത്ത് മഹത്വധാരിയായി, നമ്മുടെ പുരോഹിതനായി പക്ഷവാദം ചെയ്യുന്നു. യേശുക്രിസ്തു നമ്മുടെ മദ്ധ്യസ്ഥനും കാര്യസ്ഥനും മഹാപുരോഹിതനുമാണ്. നാം പിതാവിന്റെ അടുത്തേക്ക് ചെല്ലുന്നത് കർത്താവായ യേശുക്രിസ്തുവിൽ കൂടിയാണ്. ധൂപപീഠവും അവന്റെ കൈയിലുണ്ട് (വെളി.8:3,4). യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചപ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനോട് അപേക്ഷിക്കാനാണ് പഠിപ്പിച്ചത്. ആ സമയത്ത് യേശുക്രിസ്തുവിന്റെ നാമം എന്തുകൊണ്ട് ഉപയോഗിച്ചിരുന്നില്ല എന്ന ചോദ്യം ഉന്നയിക്കാം. ശിഷ്യന്മാരെ പ്രാർത്ഥന പഠിപ്പിക്കുമ്പോൾ കർത്താവ് മനുഷ്യൻ എന്ന നിലയിൽ ഈ ഭൂമിയിൽ ആയിരുന്നു. എന്നാൽ ഇന്ന് യേശുക്രിസ്തു മഹത്വധാരിയായി സ്വർഗ്ഗ സ്ഥലങ്ങളിലാണല്ലോ.

---

2. വ്യക്തിപരമായും രാഷ്ട്രീയപരമായുമുള്ള വിഷയങ്ങളെ തമ്മിൽ കൂട്ടിക്കുഴക്കരുത്.
3. ദൈവം ആഗ്രഹിക്കുന്ന വഴിയിൽ സഞ്ചരിക്കേണ്ടതിന് ദൈവത്തിൽ ആശ്രയിക്കുക. ദൈവം നമ്മെ നിയന്ത്രിച്ചുകൊള്ളും (സദൃ. 3:6).
4. ദൈവഹിതം മാനിക്കുക; സ്വയത്തെ ത്യജിച്ച് എല്ലാ തീരുമാനങ്ങളിലും ദൈവത്തിന്റെ ആലോചനക്ക് മുൻഗണന നൽകുക (ഗലാ. 2:20).
5. ദൈവവേലയിൽ ശുഷ്ക്കാന്തി ഉള്ളവരായി ജീവിക്കുവാൻ നമ്മെ സമർപ്പിക്കുക; നമ്മുടെ ജീവിതംകൊണ്ടു ദൈവനാമം മഹത്വപ്പെടുവാൻ നമ്മെ ദൈവകരങ്ങളിൽ സമർപ്പിക്കുക. (റോമർ 12:1,2).) ദൈവത്തെ അറിയുന്ന ഒരു പുതിയ തലമുറയ്ക്കായി പ്രാർത്ഥനയോടെ നമുക്ക് കാത്തിരിക്കാം. ●

ഒരു പുതിയ ബന്ധം സംജാതമായിരിക്കുന്നു എന്ന സത്യം നാം വിസ്മരിക്കരുത്. ഉത്തമഗീതത്തിൽ നിന്റെ നാമം പകർന്ന തൈലം പോലെയായിരുന്നു എന്നു നാം വായിക്കുന്നു. വെളി. 22-ൽ അവന്റെ നാമം വിശുദ്ധന്മാരുടെ നെറ്റിയിൽ എഴുതിയിരിക്കുന്നതായിട്ടാണല്ലോ നാം വായിക്കുന്നത്. അങ്ങനെ ആ നാമം എല്ലാ നിലയിലും ശ്രേഷ്ഠവും മനോഹരവുമാണ്. ആ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാലുകൾ മടങ്ങും. ഇത്ര അനുഗ്രഹീതമായ ഒരു നാമം വേറെയില്ല. അതുകൊണ്ട് ആ നാമത്തിലുള്ള പ്രാർത്ഥനയും അർത്ഥവത്താണ്. ആ നാമത്തിന്റെ മഹത്വവും ശക്തിയും മനസ്സിലാക്കി ആ നാമത്തിൽ കേവലം യേശുവിന്റെ നാമത്തിലല്ല കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവിനോട് പ്രാർത്ഥിക്കാം.

**2. യേശുക്രിസ്തുവിന്റെ പ്രവർത്തനപരിപാടി ചുരുക്കത്തിൽ (യോഹ. 16:28)**

ഈ വാക്യത്തിൽ നാലു സുപ്രധാന കാര്യങ്ങൾ പരിശുദ്ധാത്മാവ് ഉള്ളടക്കം ചെയ്തിരിക്കുന്നു.

1. "ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് പുറപ്പെട്ട് . . ." മനുഷ്യാവതാരത്തിനു മുമ്പുള്ള യേശുക്രിസ്തുവിന്റെ മഹത്വത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒരു ലഘു പ്രസ്താവന ആണിത് (I came forth from the father). പിതാവിന്റെ അടുക്കൽ നിന്നും സ്വയം വന്നവനാണ്. നിർബന്ധത്താൽ പുറപ്പെട്ടതല്ല. ഇതാ ഞാൻ വരുന്നു നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു എന്നു പറഞ്ഞുകൊണ്ട് സ്വർഗ്ഗത്തിന്റെ മഹിമകൾ സ്വയം വെടിഞ്ഞു വന്നവനാണ്.

2. "ലോകത്തിൽ വന്നിരിക്കുന്നു." യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള ഒരു ലഘു വിശദീകരണം. വചനമായിരുന്നവൻ ഭൂമിയിൽ ജഡമെടുത്ത് മനുഷ്യരോടു കൂടി വാസം ചെയ്യാൻ മനുഷ്യാവതാരം എടുത്തു.

3. "പിന്നെയും ലോകത്തെ വിട്ടു." യേശുക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം എന്നീ സംഭവങ്ങളെ സംക്ഷിപ്തമായി വിവരിക്കുന്ന വാക്കുകളാണ്.

4. "പിതാവിന്റെ അടുക്കൽ പോകുന്നു." കർത്താവിന്റെ സ്വർഗ്ഗാരോഹണം ഒറ്റവാക്യത്തിൽ.

യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ മാഹാത്മ്യം, വലിയ വീണ്ടെടുപ്പ് എന്നീ വിഷയങ്ങൾ ഭംഗ്യന്തരേണ അവതരിപ്പിച്ചിരിക്കുന്ന ഒറ്റ വാക്യം. ശിഷ്യന്മാരുടെ ഏറ്റു പറച്ചിൽ 16:29,30 എന്നീ വാക്യങ്ങളിൽ ഉണ്ട്. നീ സകലവും അറിയുന്നു എന്നും നീ ദൈവത്തിന്റെ അടുക്കൽ നിന്നും വന്നിരിക്കുന്നു എന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഈ സത്യങ്ങൾ എത്രയോ മുമ്പു തന്നെ ഇവർ മനസ്സിലാക്കേണ്ട സത്യങ്ങളായിരുന്നു. യേശുക്രിസ്തുവിന്റെ സർവ്വജ്ഞാനത്തെക്കുറിച്ചും ദൈവത്വത്തെക്കുറിച്ചുമുള്ള വ്യക്തമായ ഒരു ഏറ്റുപറച്ചിൽ ഇവിടെ കാണാം. യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെയും ശ്രേഷ്ഠതയെയും ചോദ്യം ചെയ്യുന്നവർക്കുള്ള ഒരു മറുപടിയായി ഈ പ്രസ്താവന പരിലസിക്കുന്നു. യേശുക്രിസ്തുവിന്റെ സർവ്വജ്ഞാനം, സർവ്വശക്തി എന്നീ ഗുണവിശേഷങ്ങളെക്കുറിച്ച് സുവിശേഷങ്ങളിൽ വ്യക്തമായ പരാമർശങ്ങൾ പലതും കാണാം. യേശുക്രിസ്തുവിന്റെ താഴ്ചയെക്കുറിച്ച് വിശദീകരിക്കുന്ന ഫിലി.2:7-ൽ നിന്ന് യേശുക്രിസ്തു തന്റെ ദൈവത്വമോ ദൈവത്വത്തിന്റെ ഗുണവിശേഷങ്ങളോ ഒരിക്കലും പൂർണ്ണമായി ഉപേക്ഷിച്ച് കേവലം മനുഷ്യനായി എന്ന് പഠിപ്പിക്കുന്നില്ല. ദൈവരൂപത്തിലിരുന്നു കൊണ്ട് ആ ദൈവത്വത്തിന്റെ ശ്രേഷ്ഠത പ്രകടമാക്കാതെ അവൻ മനുഷ്യനായി അവതരിച്ചു എന്നാണ് ആശയം. യേശുക്രിസ്തുവിന്റെ സർവ്വജ്ഞാനത്തോടുള്ള ബന്ധത്തിൽ അറിഞ്ഞു എന്ന പദപ്രയോഗം 13-ാം അദ്ധ്യായത്തിൽ മൂന്നു പ്രാവശ്യം ആവർത്തിക്കുന്നുണ്ട്. ഒന്നാം വാക്യത്തിൽ അവന്റെ നാഴിക വന്നു എന്നറിഞ്ഞു. മൂന്നാം വാക്യത്തിൽ പിതാവ് സകലവും തന്റെ കൈയിൽ തന്നിരിക്കുന്നുയെന്നും താൻ ദൈവത്തിന്റെ അടുക്കൽ നിന്നും വന്നു ദൈവത്തിന്റെ അടുക്കൽ പോകുന്നുയെന്നും യേശു അറിഞ്ഞിരിക്കേ എന്നാണല്ലോ വായിക്കുന്നത്. 11-ാം വാക്യത്തിൽ തന്നെ കാണിച്ചു കൊടുക്കുന്നവനെ അറിഞ്ഞിരിക്ക കൊണ്ടത്രെ എല്ലാവരും ശുദ്ധിയുള്ളവരല്ല എന്നു പറഞ്ഞത്. എത്രയോ സന്ദർഭങ്ങളിൽ ഈ സർവ്വജ്ഞാനത്തെക്കുറിച്ച് ശിഷ്യന്മാർ അറിഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ സംശയലേശമെന്യേ ശിഷ്യന്മാർ ആ വസ്തുത ഏറ്റുപറയുന്നു. യേശുക്രിസ്തു ദൈവമെന്നുള്ള നിലയിലുള്ള സർവ്വ വല്ലഭത്വവും അവർക്ക് ഗ്രഹിക്കാൻ സാധിച്ചു.

ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നുവോ? (16:31). നിങ്ങൾ ഓരോരുത്തൻ താന്താന്റെ സ്വന്തത്തിലേക്ക് ചിതറിപ്പോകയും എന്നെ ഏകനായി വിടുകയും ചെയ്യുന്ന നാഴിക വരുന്നു; വന്നുമിരിക്കുന്നു. മർക്കൊസ് 14:50-ൽ ശിഷ്യന്മാർ എല്ലാവരും അവനെവിട്ട് ഓടിപ്പോയി എന്ന് രേഖപ്പെടുത്തിയിരിക്കു

# സഹോദരിമാരുടെ ശുശ്രൂഷകൾ

ചെല്ലമ്മ സാമുവേൽ, ഷാർജ

**തി**മൊഥെയൊസിന് എഴുതിയ ഒന്നാം ലേഖനം 5-ാം അദ്ധ്യായത്തിൽ നിന്നു മാത്രം സഹോ ദരിമാരുടെ ചില ശുശ്രൂഷകൾ ചൂണ്ടിക്കാണിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

**1. സ്വന്ത കുടുംബത്തിൽ ഭക്തി കാണിക്കണം (5:4)**

ഭക്തിയെന്നത് ഒരു ജീവിത ശൈലിയാണ്. കുടുംബത്തിൽ ഭക്തിയുള്ള ഒരു ജീവിതം സഹോ ദരിമാർ കാഴ്ചവയ്ക്കണം. ജീവിതത്തിൽ മാതൃക ആദ്യം കാണിക്കേണ്ടത് സ്വന്തം കുടുംബത്തിലാണ്. സഹോദരിമാർ സ്വന്തം കുടുംബത്തിൽ എങ്ങനെ ആയിരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് അവർ സഭയിൽ ശോഭിക്കുന്നത്.

**2. അമ്മയപ്പന്മാർക്ക് പ്രത്യുപകാരം ചെയ്യണം (5:4)**

മാതാപിതാക്കന്മാരെ അവരുടെ വാർദ്ധക്യത്തിൽ ശുശ്രൂഷിക്കേണ്ട ഭാരിച്ച ചുമതല ദൈവം സഹോദരിമാരെ ഏൽപ്പിച്ചിരിക്കുകയാണ്. ഈ ശുശ്രൂഷയ്ക്ക് കഠിന പരിശ്രമവും, സൌമ്യതയും, ക്ഷമയും, സഹിഷ്ണതയും വേണം. ഇത് പലപ്പോഴും പഴിയും, ദൂഷിയും, നിന്ദയും മാത്രം ഈ ഭൂമിയിൽ പ്രതിഫലമായി കിട്ടുന്ന ഒരു ശുശ്രൂഷയാണ്. അനേകരും ഈ ശുശ്രൂഷയെ ഇന്ന് അവഗണിക്കുകയാണ്. ഇതുകാരണം ഇന്ന് വൃദ്ധ ഭവനങ്ങൾ (Old age homes) നമ്മുടെ കേരളത്തിൽ വർദ്ധിച്ചു വരികയാണ്. ഇന്ന് നാം നമ്മുടെ മാതാപിതാക്കന്മാരെ ശുശ്രൂഷിക്കേണ്ട നിലയിൽ ശുശ്രൂഷിച്ചാൽ നമ്മുടെ വാർദ്ധക്യ കാലത്ത് നമ്മെ ശുശ്രൂഷിക്കുവാൻ നമ്മുടെ മക്കളെയും ദൈവം ഒരുക്കും.

**3. രാവും പകലും പ്രാർത്ഥിക്കണം (5:5)**

ഭവനത്തിൽ ആയിരിക്കുന്ന സഹോദരിമാർക്ക് അവരുടെ വീട്ടിലെ ജോലികൾ തീർത്തതിനു ശേഷം ധാരാളം സമയം ഉണ്ട്. നാം നിരന്തരമായി പ്രാർത്ഥനയിൽ നമ്മുടെ ഭവനത്തിനുവേണ്ടിയും സഭയ്ക്കുവേണ്ടിയും, ദൈവജനത്തിനുവേണ്ടിയും

---

ന്നത് കർത്താവിന്റെ പ്രസ്താവനയുടെ വെളിച്ചത്തിൽ എത്രയോ വാസ്തവമായിരിക്കുന്നു.

**3. ആശീർവ്വാദ സന്ദേശം (16:33)**

വിശ്വാസത്തോടുള്ള ബന്ധത്തിൽ അവരുടെ ആത്മാർത്ഥമായ ഏറ്റുപറച്ചിൽ നാം കണ്ടു കഴിഞ്ഞു. യേശുക്രിസ്തുവിന്റെ സർവ്വജ്ഞാനവും ദൈവത്വവും പൂർണ്ണമായി അവർ അംഗീകരിച്ചു കഴിഞ്ഞു. എന്നാൽ അവർ ഭാവിയിൽ നേരിടാനിരിക്കുന്ന വിപത്തുകളെക്കുറിച്ച് തികച്ചും അജ്ഞരായിരുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിലും യേശുക്രിസ്തുവിന്റെ സത്യസാക്ഷികൾ എന്ന നിലയിലും പീഢനങ്ങൾ അവർക്കു വരാനിരിക്കുന്നതേയുള്ളൂ. അവരിൽ ഭൂരിഭാഗവും വിശ്വാസത്തിന്റെ ധീരപോരാളികളായി രക്തസാക്ഷിത്വം വരിച്ചു എന്ന് നമുക്കറിയാം. ഇത്തരുണത്തിൽ കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. "നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന് ഇത് നിങ്ങളോട് സംസാരിച്ചിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു."

14-ാം അദ്ധ്യായത്തിലെ സമാധാനസന്ദേശം നാം ചിന്തിച്ചു കഴിഞ്ഞതാണല്ലോ. സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ച് പോകുന്നു. ലോകം തരുന്നതുപോലെയല്ല. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു (14:27). 14-ാം അദ്ധ്യായത്തിലെ സമാധാനം കർത്താവ് നൽകുന്ന ഒരു സമ്മാനമാണെന്നു പറയാം. ഒരു ദാനമാണ്. എന്നാൽ ഇവിടെ പറയുന്ന സമാധാനം (16:33) കേവലമൊരു ദാനം മാത്രമല്ല, ഒരു വ്യക്തിത്വത്തിൽ അധിഷ്ഠിതമായിരിക്കുന്ന ഒരു വസ്തുതയാണ്. നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ട് എന്നാണ്. അതായത് യേശുക്രിസ്തു തന്നെ അവരുടെ സമാധാനമാണ്. ലോകത്തിൽ നിങ്ങൾ ജീവിച്ചിരിക്കുമ്പോൾ കഷ്ടങ്ങൾ അനവധിയുണ്ടാകാം. അതു നിങ്ങളെ തളർത്താതിരിക്കട്ടെ. കാരണം ഞാൻ ജയിച്ചവനാണ്. യേശുക്രിസ്തു എല്ലാ രംഗങ്ങളിലും ജയാളി തന്നെ. സാത്താനുമായുള്ള പരീക്ഷയിൽ യേശുക്രിസ്തു വിജയമാല്യമണിഞ്ഞു. ക്രൂശുമരണത്തിൽ ഈ ലോകത്തിന്റെ പ്രഭുവിനെ പരാജയപ്പെടുത്തി വിജയവൈജയന്തി പാറിപ്പറപ്പിച്ചു. പ്രവചനപരമായി ഇനി വരുവാനിരിക്കുന്ന യുദ്ധങ്ങളിലും യേശുക്രിസ്തു തന്നെ ജയാളി. അവനൊരിക്കൽ പോലും പരാജയമറിഞ്ഞിട്ടില്ല. അതുകൊണ്ട് നമുക്കും ധൈര്യപ്പെടാം. നാം എല്ലാക്കാര്യങ്ങളിലും പൂർണ്ണ ജയം പ്രാപിക്കുന്നവരാണ്. യഥാർത്ഥ വിശ്വാസികൾ ജയാളികളാണ്. നമ്മുടെ രക്ഷിതാവ് ലോകത്തെ ജയിച്ചവനാണ്. അവനാണ് നമ്മുടെ രക്ഷാനായകൻ. അവന്റെ കൊടിക്കീഴിൽ അണിനിരന്നിരിക്കുന്ന വിശ്വാസികളേ, ആശ്വസിക്കുക. നാം ജയിക്കുന്നവർ ആണ്. പരാജയം നമുക്കു പറഞ്ഞിട്ടില്ല. ജയാളികളായി നമുക്കു മുന്നേറാം."

(തുടരും)

ജാഗരിക്കുകയും പോരാടുകയും മുട്ടിന്മേൽ നിൽക്കയും ചെയ്യേണ്ടതാണ് (സഭാ. 10:11). സഹോദരിമാരേ, നമുക്കുള്ള ശുശ്രൂഷകൾ പുറമെ കാണുന്നില്ല എങ്കിലും അവ ദൈവസന്നിധിയിൽ വളരെ വിലയുള്ളതും, പ്രതിഫലം ലഭിക്കുന്നതും ആകുന്നു. നാം നമുക്കുള്ള ശുശ്രൂഷ ചെയ്യാതി രുന്നാൽ കുടുംബത്തിൽ അതിന്റെ ആത്മീയ ശൂന്യത അനുഭവപ്പെടും; അനുഗ്രഹങ്ങളും കുറയും.

**4. സൽപ്രവൃത്തികളാൽ ശ്രുതിപ്പെടണം (5:9)**

പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രേ സഹോദരിമാർ അലങ്കരിക്കേണ്ടത് (1 തിമൊ. 2:10). ഭവനത്തിലും, സഭയിലും നമുക്കു ചെയ്യാവുന്ന അനേക സൽ പ്രവൃത്തികൾ ഉണ്ട്. എളിയവരെ സ്നേഹിക്കുക, സഹായിക്കുക, ആഹാരപദാർത്ഥങ്ങൾ നൽകുക, രോഗികളെ സന്ദർശിക്കുക, എന്നിത്യാദി അനേക സൽപ്രവൃത്തികൾ നമുക്ക് വേണ്ടി കർത്താവ് മാററിവെച്ചിട്ടുണ്ട്.

**5. മക്കളെ വളർത്തണം (5:10)**

സഹോദരിമാർക്കുള്ള ശുശ്രൂഷയാണ് മക്കളെ വളർത്തുക എന്നുള്ളത്. ഗർഭത്തിൽ ഉരുവാകുന്നതു മുതൽ വളർന്ന് പക്വത പ്രാപിക്കുന്നതു വരെയുള്ള ഒരു നീണ്ട വളർത്തൽ! മക്കൾ നടക്കേണ്ട വഴിയിൽ അവരെ അഭ്യസിപ്പിക്കണം; അങ്ങനെ ചെയ്താൽ അവർ പ്രായമായാലും അത് വിട്ടുമാറുകയില്ല (സദൃ. 22:6). അമ്മ ഉപദേശം നൽകേണ്ടവളാണ് (സദൃ. 6:20-22). ഒരു കോഴി തന്റെ കുഞ്ഞുങ്ങളെ വളർത്തുന്ന മാതൃകയിൽ കുഞ്ഞുങ്ങളെ വളർത്തണം. ഇതിൽ വലിയ ത്യാഗം ഉണ്ട്. കുഞ്ഞുങ്ങൾ വഴി പിഴച്ചു പോയാൽ അത് നമ്മുടെ കുററമാകാം. അതുകൊണ്ട് സഹോദരിമാർ വളരെ ശ്രദ്ധിക്കേണ്ടതാണ്.

**6. അതിഥികളെ സൽക്കരിക്കണം (5:10)**

നമ്മുടെ ശുശ്രൂഷകൾ സഹോദരന്മാരല്ല ചെയ്യേണ്ടത്. അതിഥികൾ ഭവനത്തിൽ വരുമ്പോൾ അവരെ നാം സൽക്കരിക്കേണ്ടതാണ്. അതൊരു ഭാഗ്യം ആണ്. നമ്മുടെ ശുശ്രൂഷകൾ എല്ലാം തന്നെ ശാരീരിക അദ്ധ്വാനം ആവശ്യം ഉള്ളതാണ്. എന്നാൽ ഇങ്ങനെ അദ്ധ്വാനിക്കേണ്ട സന്ദർഭങ്ങളിൽ നമുക്ക് ഒഴികഴിവ് പറഞ്ഞ് മാറിനിൽക്കുവാനും കഴിയും. നാം അങ്ങനെ ഒരു നാളും ചെയ്യരുത്. കർത്താവിനെ അത്താഴം കഴിക്കുവാൻ ക്ഷണിച്ച വീട്ടിലെ സഹോദരിമാർ വളരെ കഠിന അദ്ധ്വാനം ചെയ്തു കാണും. കാരണം ഏറ്റവും കുറഞ്ഞത് പതിമൂന്ന് പേർക്കെങ്കിലും ആഹാരം ഉണ്ടാക്കി എങ്കിലേ യേശുവിനെ വിരുന്നിനു വിളിക്കാൻ സാധിക്കുമായിരുന്നുള്ളൂ.

**7. ഞെരുക്കം ഉള്ളവരുടെ മുട്ട് തീർക്കണം (5:10)**

ആഹാരത്തിനും, വസ്ത്രത്തിനും, പണത്തിനും മുട്ടുള്ളവർ നമ്മുടെ ചുററും ധാരാളം ഇല്ലേ. അവരെ കാണുമ്പോൾ നാം കണ്ടില്ല എന്ന് നടിച്ച് കണ്ണടച്ചു കളയല്ലേ. നമ്മുടെ സുഭിക്ഷതം അവരുടെ ദുർഭിക്ഷത്തിനു ഉതകണം. ആത്മീയ ദാരിദ്രം അനുഭവിക്കുന്ന സഹോദരിമാർക്കും നാം മുട്ടു തീർക്കണം. സഹോദരിമാർക്ക് വചനം പറഞ്ഞു കൊടുക്കുന്നതിനും നമുക്ക് കഴിയണം.

**8. പുത്രസമ്പത്തുണ്ടാക്കുകയും ഭവനം രക്ഷിക്കുകയും വേണം (5:14)**

പണത്തേക്കാളും ലോകത്തിലുള്ള ഏതു സമ്പത്തിനേക്കാളും വലിയ സമ്പത്താണ് പുത്രസമ്പത്ത്. ഈ സമ്പത്ത് സഹോദരിമാരിൽകൂടി ഓരോ ഭവനത്തിലും ഉണ്ടാകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. അതുപോലെ തന്നെ ഭവനം രക്ഷിക്കുന്നതും നമ്മുടെ കരങ്ങളിൽ ദൈവം ഏൽപ്പിച്ചിരിക്കുകയാണ്. ഭാരിച്ച ചുമതല! വളരെ ഘനതരമായ ശുശ്രൂഷകൾ! നാം നമ്മുടെ ശുശ്രൂഷകൾ യഥാക്രമം ചെയ്തു തീർത്തില്ല എങ്കിൽ നാം ആയിരിക്കുന്ന ഭവനം ഒരിക്കലും കർത്താവ് ആഗ്രഹിക്കുന്നതുപോലെ ആത്മീയമായി പണിയുവാൻ കഴിയുകയില്ല. അതു കൊണ്ട് പ്രിയപ്പെട്ട സഹോദരിമാരേ, നമുക്ക് കുടുംബത്തിലും സഭയിലും വളരെ നല്ല ശുശ്രൂഷകൾ കർത്താവ് തന്നിട്ടുണ്ട്. അവ ചെയ്യുന്നതിനുള്ള കൃപാവരങ്ങൾ നമുക്ക് പരിശുദ്ധാത്മാവ് നൽകി യിട്ടുണ്ട്. വരുന്ന ദിവസങ്ങളിൽ അവ ചെയ്യുവാനും അതു മുഖാന്തരം നാമും, കുടുംബവും, സഭയും അനുഗ്രഹിക്കപ്പെടുവാനും ദൈവം നമുക്ക് കൃപ നൽകട്ടെ. പരസ്യ ശുശ്രൂഷയെക്കാൾ ഉപരി രഹസ്യ ശുശ്രൂഷകൾ ആണ് നമ്മെ ഭരമേൽച്ചിരിക്കുന്നത്. അവ വിലയേറിയ ശുശ്രൂഷകൾ ആണ്. നമ്മെ ഏൽപ്പിക്കാത്ത ജോലികളിൽ നാം ഒരിക്കലും ഏർപ്പെടരുതേ. നമ്മൾ ചെയ്യരുത് എന്ന് വചനം വിലക്കിയിട്ടുള്ള ചില കാര്യങ്ങളും ഇനി ചേർക്കട്ടെ. 1. മിനക്കെട്ട് നടക്കരുത് (5:13). 2. വായാടികൾ ആകരുത് (5:13). 3. പരകാര്യത്തിൽ ഇടപെടരുത് (5:13). 4. അരുതാത്തത് സംസാരിക്കരുത് (5:13). 5. അപവാദത്തിന് അവസരം കൊടുക്കരുത് (5:14). 6. സാത്താന്റെ പിന്നാലെ പോകരുത് (5:15). ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നവ ചെയ്തും ചെയ്യരുതെന്ന് ദൈവം പറഞ്ഞിട്ടുള്ളത് ചെയ്യാതെയും നമ്മുടെ ജീവിതം ഒരു മാതൃകാ ജീവിതം ആയിരിപ്പാൻ സർവ്വശക്തൻ സഹായിക്കട്ടെ. (കടപ്പാട്; പ്രതിധ്വനി-മേയ് 2004). ●

# വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ – ഒരു അനുസ്മരണം

ജോർജ്ജ് സി. വർഗീസ്, തിരുവനന്തപുരം



**തി**രുവനന്തപുരം പട്ടം ബ്രദ്റൺ സഭാംഗം ഇലന്തൂർ പ്ലാവുനിൽക്കുന്നതിൽ കുടുംബാംഗം പാണൻവിളഗന്നസരേത്തിൽ ബ്ര. തോമസ് പി. തോമസ്(73) 2009 മെയ്13 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അപൂർവ്വങ്ങളിൽ അപൂർവ്വം എന്നു പറയത്തക്കവിധത്തിൽ തന്റെ സഹധർമ്മിണി ചില മണിക്കൂറുകളുടെ വ്യത്യാസത്തിൽ മാത്രം ഇടയാറന്മുള പേരങ്ങാട്ടു കുടുംബാംഗം റോസമ്മ തോമസ് (70) 14 ന് തന്റെ ഭർത്താവിനോടൊപ്പം ബെയൂലാ തീരത്തേയ്ക്ക് യാത്രയായി. പ്രിയ സഹോദരൻ 12 വർഷത്തോളം ശയ്യാവലംബിയായിരുന്നു. തന്റെ മരണം സംഭവനീയമെന്നേ വിലയിരുത്താൻ സാധിക്കയുള്ളൂ. എന്നാൽ ഇക്കാലമത്രയും തന്നെ വളരെ ക്ഷമയോടും സഹിഷ്ണുതയോടും ശുശ്രൂഷിക്കുവാൻ ഇടയായ പ്രിയ സഹോദരിക്ക് അസുഖങ്ങൾ ഒന്നും തന്നെയുണ്ടായിരുന്നില്ല. അതിനാൽ തന്റെ വേർപാട് തികച്ചും അവിശ്വസനീയമായിരുന്നു. തുടർന്ന് പത്രങ്ങളിൽ ഒരുമിച്ചു വന്ന ഫോട്ടോയും മരണവാർത്തയും എല്ലാവരേയും കണ്ണീരിലാഴ്ത്തി. ആർക്കും അത് വിശ്വസിക്കാൻ സാധിച്ചില്ല. ഇവർ രണ്ടുപേരും ഒരുമിച്ച് ദൈവസന്നിധിയിൽ കർത്താവിനോടുകൂടെ സന്തോഷിക്കുന്നു.

സഹോ. തോമസ് P.W.D.യിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായും സഹോദരി റോസമ്മ സ്റ്റേറ്റ് മാസ്മീഡിയ ഡപ്യൂട്ടി ഡയറക്ടർ ആയും ജോലിയിൽ നിന്നും വിരമിച്ചു. തങ്ങളുടെ ജോലിയിൽ വിശ്വസ്തത പുലർത്തിയ ഇരുവരും അനേകർക്ക് മാതൃകയായിരിക്കുന്നു. അതിനാൽ ദൈവവും അവരെ എല്ലാ രീതിയിലും മാനിച്ചു. ചെറുപ്പത്തിൽ തന്നെ രണ്ടുപേരും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ദൈവമക്കളുമായുള്ള കൂട്ടായ്മയിൽ ആയിരുന്ന സ്ഥലം സഭകളിൽ മുന്നോട്ടു പോയി. "സഹോദരപ്രീതി നിലനിൽക്കട്ടെ. അതിഥി സൽക്കാരം മറക്കരുത്." എന്ന കല്പന പ്രായോഗിക ജീവിതത്തിൽ നിഷ്ഠയോടുകൂടെ അവർ പാലിച്ചു വന്നു. കർത്തൃദാസന്മാർക്ക് സാമ്പത്തീക സഹായം എത്തിക്കുന്നതിലും അവർ മുമ്പന്തിയിലായിരുന്നു. അവർക്ക് ദാനമായി ദൈവം നൽകിയ 3 മക്കളേയും ദൈവവഴിയിലും ദൈവകൃപയിലും വളർത്തി. ആത്മീയ പാരമ്പര്യമുള്ള ഇണകളേയും ദൈവം അവർക്ക് നൽകി. അങ്ങനെ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട കുടുംബമായി ഒന്നിച്ച് ആരംഭിച്ച് ദൈവം നൽകിയ ശുശ്രൂഷകൾ ഒന്നിച്ച് അവസാനിപ്പിച്ച് കർത്തൃസന്നിധിയിൽ പ്രവേശിച്ചു. എല്ലാ ആത്മീയ കാര്യങ്ങളിലും മുടക്കം കൂടാതെ പങ്കെടുക്കുകയും രോഗികളെ സന്ദർശിക്കുകയും മക്കളേയും കൊച്ചുമക്കളേയും ആത്മീയരായി വളർത്തുകയും ചെയ്യുന്നതിൽ പരേത വളരെ ഉൽസുകയായിരുന്നു. താൻ പല പാട്ടുകൾ എഴുതുകയും അതിന്റെ ഈരടികൾ പലർക്കും വളരെ ആശ്വാസത്തിന് ഇടയാകുകയും ചെയ്തിട്ടുണ്ട്. സഹോദരന്റെ രോഗക്കിടക്കയ്ക്കരികിൽ നിന്നുകൊണ്ട് റോസമ്മ സഹോദരി എഴുതിയ ഒരു പാട്ടിന്റെ ചില ചരണങ്ങൾ ഞങ്ങൾ ഒരുമിച്ച് പാടിയത് ഓർമ്മയിൽ വരുന്നു. "ഇത്രത്തോളം യഹോവ സഹായിച്ചു, ഇത്രത്തോളം ദൈവമെന്നെ നടത്തി" എന്ന പാട്ടിന്റെ തുടർച്ചയായി

1 ഇന്നെനിക്ക് നേരിടുന്ന കഷ്ടനഷ്ടങ്ങൾ
സാരമില്ലെന്ന് എന്റെ നാഥൻ ചൊല്ലുന്നു
നന്മയല്ലാതൊന്നിലും ഇല്ലെനിക്ക് നാഥനേ
ഇത്രത്തോളം യഹോവ സഹായിച്ചു....
ഇത്രത്തോളം

2. ലോകവെയിൽ കൊണ്ടുഞാൻ തളരുമ്പോൾ
ലോകാന്ധകാരമെന്നെ മൂടുമ്പോൾ
ദാഹജലം, ജീവമന്ന, സൽപ്രകാശം തന്നെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു...
ഇത്രത്തോളം യഹോവ

പ്രിയ സഹോദരങ്ങളുടെ സംസ്കാര ശുശ്രൂഷ പട്ടം ബ്രദ്റൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ മെയ് 18 ന് നടത്തപ്പെടുകയുണ്ടായി. പട്ടം ബ്രദ്റൺ സഭാഹാളിൽ ബ്ര. ഇ.ജെ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്കാര ശുശ്രൂഷയിൽ സ്വദേശത്തും വിദേശത്തും നിന്നുമായി അനേക ബന്ധുമിത്രാദികൾ പങ്കെടുത്തു. അനുസ്മരണങ്ങൾക്ക് ശേഷം എം.എം. സക്കറിയ, ആശ്വാസദൂത് നൽകി. തുടർന്ന് മുട്ടട ബ്രദ്റൺ സെമിത്തേരിയിൽ ഉയിർപ്പിൻ പുത്തൻപുലരിയിൽ വീണ്ടും കാണാം എന്നുള്ള പ്രത്യാശയിൽ സംസ്കരിച്ചു. മക്കളും മരുമക്കളും : ബീന & ഡോ. സാം തോമസ്, റാസൽകൈമ. Egnr.ഷീല & Egnr.ജി.റ്റി. സാമുവൽ, തിരുവനന്തപുരം. Egnr.തോമസ് ജോർജ്ജ് & Egnr.ലൗലി, ബാംഗ്ലൂർ. ദുഃഖത്തിലിരിക്കുന്ന മക്കളെയും കൊച്ചുമക്കളേയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കേണമേ. പ്രിയരേ, നമ്മുടെ ആയുസിന്റെ നൈമീഷികതയെപ്പറ്റി– അതു കേവലം നാലു വിരൽ നീളം മാത്രം – ഓർമ്മയുള്ളവരായി വരും ദിവസങ്ങളിൽ കർത്താവിന് ഏറ്റം പ്രയോജനമുള്ളവരായി ജീവിക്കാനായി കർത്താവ് ഏവരേയും സഹായിക്കട്ടെ. "ഞങ്ങൾ ജ്ഞാനമുള്ളൊരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കണമേ"

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.106-ചോദ്യം

**വിഷയം : 'ഭയപ്പെടേണ്ട' എന്തുകൊണ്ട്?**

**വായനഭാഗം :** ആവ. 31, സങ്കീ. 46, യെശ. 57, മത്താ. 24, റോമ. 5, 2 കൊരി. 4, 1 പത്രൊ. 5.

1 (a). നിനക്ക് മുമ്പായി നടക്കയും നിന്നോടുകൂടെ ഇരിക്കയും ചെയ്യുന്നതാര്?
(b). നീ പേടിക്കരുത്, ഭ്രമിക്കരുത്, കാരണം എന്ത്?

2. ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്ര മദ്ധ്യേ വീണാലും അതിന്റെ വെള്ളം ഇരച്ചു കലങ്ങിയാലും അതിന്റെ കോപം കൊണ്ട് പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല. എന്തുകൊണ്ട്?

3. (a). അനർത്ഥത്തിനു മുമ്പേ കഴിഞ്ഞു പോകുന്നതും സമാധാനത്തിലേക്ക് പ്രവേശിക്കുന്നതും ആര്?
(b). താന്താന്റെ കിടക്കയിൽ വിശ്രമം പ്രാപിക്കുന്നത് ആര്?

4. നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും. എങ്കിലും ചഞ്ചലപ്പെടേണ്ട. രണ്ടു കാരണങ്ങൾ ഏവ?

5. (a). പിശാചിനോട് എതിർത്ത് അല്പകാലത്തേക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ സർവ്വകൃപാലുവായ ദൈവം വിളിച്ചിരിക്കുന്നത് എന്തിനായി?
(b) നമ്മെ ഉറപ്പിച്ചു ശക്തീകരിക്കുന്നവന്റെ ബലം എന്നുവരെയുള്ളത്?

6. നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നത് എന്ത് അറിഞ്ഞുകൊണ്ട്?

7. നൊടിനേരത്തേക്കുള്ള നമ്മുടെ ലഘുവായ കഷ്ടം നമുക്ക് എന്ത് കിട്ടുവാൻ ഹേതുവാകുന്നു?

ഏവർക്കും ഉത്തരം എഴുതി അയയ്ക്കാം. എന്നാൽ ബൈബിൾ സ്കൂൾ / കോളേജ് അദ്ധ്യാപകർ, പൂർണ്ണസമയ സുവിശേഷകർ, വേദശാസ്ത്രബിരുദധാരികൾ എന്നിവരുടെ മാർക്ക് പ്രസിദ്ധീകരിക്കുന്നതല്ല. ശരിയായി വായിക്കത്തക്കവണ്ണം വ്യക്തമയി സ്വന്തം കൈപ്പടയിൽ എഴുതണം. 15-7-09 വരെ കിട്ടുന്ന ഉത്തരം പരിഗണിക്കാം. വേദവാക്യനമ്പർ കുറിച്ച് വാക്യം പകർത്തിയാൽ മാത്രം പോരാ. ചോദ്യത്തിന് ഉത്തരമായി വേദപദങ്ങളിൽ ആശയം എഴുതണം. ഒത്തുവാക്യം അങ്ങെണ്ണം മാത്രം, ആശയസഹിതം.

**വിലാസം : ബൈബിൾ പ്രശ്നാവലി, C/0 ആത്മപ്രകാശിനി, കുമ്പനാട് പി.ഒ. - 689547.**

**PS. ഈ ശുശ്രൂഷ മൂലം അനേകർ വളരെയധികം ആത്മീയ സന്തോഷം അനുഭവിക്കുന്നുവെന്ന് സാക്ഷ്യങ്ങൾ വെളിപ്പെടുത്തുന്നു. സ്തോത്രം. അവർക്ക് സമ്മാനം ശ്രദ്ധാവിഷയമേ അല്ല, എങ്കിലും യഥാസമയം സമ്മാനം എത്തിക്കുന്നതുമാണ്. ഈ ശുശ്രൂഷ അനുഗ്രഹകരമായി തുടരുവാനുള്ള കൃപയ്ക്കായി തുടർന്നും മുട്ടിപ്പായ പ്രാർത്ഥന അത്യന്താപേക്ഷിതം.**

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**തൃശൂർ :** ദൈവകൃപയാൽ പെനാങ്ങ് ദ്വീപിലെ സഭകളുടെ ഈസ്റ്റർ കോൺഫ്രൻസിലെ പ്രസംഗകനായി ഞാൻ ഭാര്യാസമേതം 2009 ഏപ്രിൽ 8 -22 വരെ മലേഷ്യ സന്ദർശിച്ചു. ചില സഭകളിൽ പ്രത്യേകം യോഗങ്ങളും ക്രമീകരിക്കപ്പെട്ടിരുന്നു. ദൈവം ശുശ്രൂഷകളെ ധാരാളമായി അനുഗ്രഹിച്ചു. ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്ക് വളരെ നന്ദി. എം.എ. ജോയി.

**വയനാട്** : വയനാട് വൈ.എം.ഇ.എഫ്. ന്റെ 2 ദിവസത്തെ ക്യാമ്പ് 2009 മെയ് 12-13 ന് സുൽത്താൻ ബത്തേരി ബ്രദറൺ സഭയുടെ സഹകരണത്തിൽ മണ്ടോക്കരയിൽവച്ച് നടത്തുവാൻ ഇടയായി. ഭവന സന്ദർശനവും ബൈബിൾ ക്ലാസ്സും സുവിശേഷ യോഗവും സംഗീതവിരുന്നും നടന്നു. സുവി. ജോസ് മാങ്കുടി ദൈവവചനം പ്രസംഗിച്ചു. 7 പേർ വളരെ താല്പര്യത്തോടെ കർത്താവിനെ സ്വീകരിച്ചു തീരുമാനമെടുത്തു. റ്റി.എം. ജോർജ്ജ്, പി.എം. സൈമൺ, ഫെർണാണ്ടസ്, ഷിബു എന്നിവർ പ്രധാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വയനാട്ടിലെ മിക്ക സുവിശേഷകന്മാരും സഭാമൂപ്പന്മാരും പ്രവർത്തനങ്ങളിൽ പങ്കെടുത്തു. വയനാട് വൈ.എം.ഇ.എഫിന്റെ പ്രവർത്തനങ്ങളെ ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും. വയനാട് വൈ.എം.ഇ.എഫ്. യൂണിറ്റിനു വേണ്ടി സെക്രട്ടറി. കുഞ്ഞുമോൻ പി.വൈ.

**കുന്നൻപാറ, തിരുവനന്തപുരം:** 2009 മെയ് 15-17 വരെ 3 ദിവസത്തെ സുവിശേഷ യോഗങ്ങൾ നടന്നു. കെ.സി. ജപസിംഗ്, അനിയൻ വർഗീസ് എന്നിവരായിരുന്നു പ്രസംഗകർ. 16ന് 4 പേർ കർത്താവിനെ

ജലത്തിൽ സാക്ഷിച്ചു. 17 ന് സണ്ടേസ്കൂളിന്റെയും ബാലസംഘത്തിന്റെയും സംയുക്ത വാർഷികം നടന്നു. വിതയ്ക്കപ്പെട്ട വചനങ്ങൾ ഫലകരമായിത്തീരുവാനും ഈ കൂടിവരവിന്റെ വളർച്ചയ്ക്കും അഭിവൃദ്ധിക്കുമായി ദൈവജനം തുടർന്നും പ്രാർത്ഥനയിൽ ഓർക്കുക. സഭയ്ക്കുവേണ്ടി എസ്.ജി. ഗിൽബർട്ട്, കെ. തമ്പി.

**കണ്ണാട്ടുമോടി (മാവേലിക്കര):** പുതുതായി സഭയിലേക്ക് കടന്നുവന്ന 5 കുടുംബങ്ങളിൽ നിന്നും രക്ഷിക്കപ്പെട്ട 6 പേര് 3-5-09 ൽ സ്നാനപ്പെട്ടു. സ്നാനശുശ്രൂഷ ഡോ. കെ.സി. ജോൺസൺ നിർവഹിച്ചു. ഇവിടെ നടന്നു വരുന്ന പ്രവർത്തനങ്ങളേയും സഭയേയും ഓർത്ത് പ്രാർത്ഥിച്ചാലും. സുവി. വർക്കി വർഗ്ഗീസ്.

**ദുർഗ് :** പുതിയതായി നിർമ്മിച്ച സഭാഹാളിന്റെ സ്തോത്രശുശ്രൂഷ 2009 ഏപ്രിൽ 4-ന് നടത്തുവാൻ കർത്താവ് സഹായിച്ചു. ഡോ. ബാബു വർഗീസ്, മുംബൈ ശുശ്രൂഷ നിർവ്വഹിച്ചു. വിവിധ സ്ഥലം സഭകളിൽ നിന്നു വിശ്വാസികൾ സന്നിഹിതരായിരുന്നു. വി.എം. മാമ്മൻ സ്വാഗതവും പി.ജി. തോമസ് കൃതജ്ഞതയും രേഖപ്പെടുത്തി. എം.വി. മാത്യുവിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗം കെ.വി. തങ്കച്ചന്റെ പ്രാർത്ഥനയോടെ സമാപിച്ചു. സഭാഹാളിന്റെ നിർമ്മാണ ത്തോടനുബന്ധിച്ച് സാമ്പത്തീക കൂട്ടായ്മ കാണിച്ച എല്ലാ സഭകളോടും വ്യക്തികളോടും സ്റ്റീവാർഡ്സ് അസോസിയേഷൻ ഇൻ ഇൻഡ്യയോടും നന്ദി അറിയിക്കുന്നു. എന്ന് സഭയ്ക്കുവേണ്ടി വി.എം. മാമ്മൻ, പി.ജി. തോമസ്സ്.

**കുട്ടമല:** അനേക നാളുകളായുള്ള പ്രാർത്ഥനയുടെ ഫലമായി 2009 മാർച്ച് 29ന് സഭാഹാളിന്റെ അത്യാവശ്യ അറ്റകുറ്റപണികൾ ചെയ്ത് മുള്ളിലവുവിള ബ്രദ്റൺ സഭയുടെയും മണക്കാലാ ബ്രദറൺ സഭയുടെയും സഹകരണത്തിൽ കുട്ടമലയിലെ സഭാകൂടിവരവ് പുനഃസ്ഥാപിച്ചു. ഇപ്പോൾ ഇവിടെ 5 കുടുംബങ്ങളിൽ നിന്നായി 20ഓളം പേർ കൂടിവരുന്നു. കുട്ടമല സഭയെയും പ്രവർത്തനങ്ങളെയും ഓർത്ത് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു. കുട്ടമല സഭയ്ക്കുള്ള കത്തുകൾ അയയ്ക്കേണ്ട വിലാസം ബ്രദ്റൺ അസംബ്ലി കുട്ടമല, കുട്ടമല പി.ഒ.,തിരുവനന്തപുരം-695505 എന്ന് സഭയ്ക്കുവേണ്ടി പി. അഗസ്റ്റിൻ, ഗോഡ്സൺ, അനീഷ്, രാജേഷ് കുമാർ വി., എൻ.എ. മാത്യു, എ. ജപദാസ്.

**മലബാർ :** മലബാർ ഡിവിഷൻ വൈ.എം.ഇ. എഫിന്റെ ക്യാമ്പ് താമരശ്ശേരി ബ്രദ്റൺ സഭയുടെ സഹകരണത്തിൽ 2009 ഏപ്രിൽ 29,30 മെയ് 1 തീയതികളിൽ നടന്നു. ജോസ് മാങ്കുടി, വി.ജെ.മാത്യു, എന്നിവർ ബൈബിൾ ക്ലാസ്സുകൾ എടുക്കുകയുണ്ടായി. കൂടാതെ മലബാറിലെ മറ്റ് കർത്തൃദാസന്മാരും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കുകയുണ്ടായി. മെയ് 1 ന് വൈ.എം.ഇ.എഫ്. ജനറൽ പ്രസിഡന്റ് ടി.എം. ജോർജിന്റെ അദ്ധ്യക്ഷതയിൽക്കൂടിയ ജനറൽ ബോഡിയിൽ വെച്ച് അടുത്ത 2 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയുണ്ടായി. പ്രസി. പി.ഡി. ചാക്കോ കുറുമാത്തൂർ, വൈസ് പ്രസിഡന്റ് സന്തോഷ് ഗിൽബർട്ട് ഉളിക്കൽ, സെക്രട്ടറി കെ.കെ. മാത്യു പെരിന്തൽമണ്ണ, ജോ. സെക്രട്ടറി കെ.എം. ജെഫ്രി പയ്യന്നൂർ, ട്രഷറാർ: ആർ. പി. ഷാജു, കാസർഗോഡ്. സാമ്പത്തീകമായി സഹായിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു. പുതിയ ഭാരവാഹികളെയും മലബാർ ഡിവിഷന്റെ പ്രവർത്തനങ്ങളേയും ദൈവജനം പ്രാർത്ഥനയിൽ ഒർത്താലും. എന്ന് സെക്രട്ടറി കെ.കെ. മാത്യു പെരിന്തൽമണ്ണ.

**അരീപ്പറമ്പ്** : അരീപ്പറമ്പ് ബ്രദ്റൺ സഭയുടെ സഹകരണത്തിലും കുന്നോന്നി ബ്രദ്റൺ അസംബ്ലിയുടെ ചുമതലയിലും ഏപ്രിൽ 27-29 വരെ കുന്നോന്നി കമ്പനി ജംഗ്ഷനിൽ യോഗങ്ങൾ നടന്നു. കെ.എ. അബ്രാഹം, അബ്രാഹം ചെമ്പോല, ഡോ. കെ.സി. ജോൺസൺ, സജീവ് വർഗീസ്, ജോച്ചി എൽ. ലോപ്പസ്, എംആർ. വേണു എന്നിവർ സന്ദേശം നൽകി. ബിനോയ് ചാക്കോയും ജെയ്സൺ സി. സോളമനും നയിക്കുന്ന സെലസ്റ്റിയൽ സിഗേഴ്സിന്റെ ഗാനശുശ്രൂഷയും പി.വി. ഗംഗാധരൻ മാവേലിക്കരയുടെയും ജയ്മോൻ സി.എസ്. കുന്നോന്നിയുടെയും സാക്ഷ്യവും ഈ കൺവൻഷനെ അനുഗ്രഹകരമാക്കിത്തീർത്തു. ചിലർ കർത്താവിനെ വ്യക്തിപരമായി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള പ്രവർത്തനങ്ങളെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കണമേ. സഭയ്ക്കുള്ള കത്തുകൾ അയയ്ക്കേണ്ട വിലാസം സുവി. എം.ആർ. വേണു, മണക്കാട്ട്, കുന്നോന്നി പി.ഒ. കോട്ടയം - 686582, സഭയ്ക്കുവേണ്ടി ജയ്മോൻ സി.എസ്., സജീവ് റ്റി. ആർ.

**പളനി** : കഴിഞ്ഞ ചില മാസങ്ങളായി നാട്ടിൽ ആയിരുന്ന സുവി. സ്റ്റാൻലി ജോൺ കുടുംബമായി പളനിയിൽ തിരിച്ച് വരികയും ഇവിടെ താമസിച്ച് പ്രവർത്തനങ്ങളിൽ തുടരുകയും ചെയ്യുന്നു. ഹൈന്ദവരുടെ വളരെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായ പളനിയിലെ പ്രവർത്തനങ്ങളേയും ഇവിടുള്ള സഭയേയും സുവി. സ്റ്റാൻലി ജോണിനെ കുടുംബമായും തുടർന്നും പ്രാർത്ഥനയിൽ ഓർത്താലും. എന്ന് എം. ശേഖരൻ, കാർത്തിക് കുമാർ, സ്റ്റാൻലി ജോൺ.

**ഇടുക്കി** : 2009 ഫെബ്രു. 3,4 ന് വാഴവര, ഇരട്ടയാർ, ഇടുക്കി, തങ്കമണി ബ്രദ്റൺ സഭകളുടെ സഹകരണത്തിൽ ഹൈറേഞ്ചിലെ 17 ഗ്രാമങ്ങളിൽ വചന ശുശ്രൂഷകളും ട്രാക്റ്റുകളും വിതരണം ചെയ്തു. തോമസ് ചെറിയാൻ, കെ.പി. ജോർജ്ജ്, ആന്റണി ഫിലിപ്പ്, ബിജു ദേവസ്യ, രാജൻ മാത്യു, റോയി പൗലോസ്, ജോബിൻ തോമസ്, അജി സി. ഫിലിപ്പ്, പി.കെ. മുനീർ തുടങ്ങിയവർ വിവിധ സ്ഥലങ്ങളിൽ വചനം ശുശ്രൂഷിച്ചു. ജെയിംസ് ജോൺ ഈ ശുശ്രൂഷകളിൽ ഗാനങ്ങൾ

ആലപിച്ചു. വേദപുസ്തകസത്യങ്ങൾ മനസ്സിലാക്കിയവർ വേർപെടുന്നതിനും ഹൈറേഞ്ചിലെ സഭകൾക്ക് അനുഗ്രഹമാകുന്നതിനും പ്രാർത്ഥിക്കേണമേ. എന്ന് ബിജു ദേവസ്യ, രാജൻ മാത്യു

**താളിക്കുണ്ട് (തൃശൂർ)** : കഴിഞ്ഞ 2 വർഷത്തോളമായി പാലക്കാട് ജില്ലയിൽ മംഗലം ഡാം, പൊൻകണ്ടം, കടപ്പാറ എന്നീ സ്ഥലങ്ങളിൽ ഒരു വാടക ഭവനത്തിൽ താമസിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി ചില കുടുംബങ്ങൾ വിശ്വസിച്ച് സ്നാനമേൽക്കുവാൻ ഇടയായി. മുന്നോട്ടു വന്നവരുടെ ആത്മീക അഭിവൃദ്ധിയെ ലക്ഷ്യമാക്കി 10-5-09 ൽ പൂതംകുഴിയിൽ കർതൃമേശയോടുകൂടി ഒരു സഭാ കൂടിവരവ് ആരംഭിക്കുവാൻ കർത്താവ് കൃപ ചെയ്തു. തൃശൂർ, പാലക്കാട് ജില്ലകളിൽ നിന്നും 325 ൽ അധികം ദൈവമക്കൾ പങ്കെടുത്തു. എം.എ. ജോയ് വചനം ശുശ്രൂഷിച്ചു. ഈ പുതിയ സഭയെയും ഇവിടെ പ്രവർത്തിക്കുന്ന സഹോ. ജോൺസൻ തോമസിനെയും ദൈവംജനം പ്രാർത്ഥനയിൽ ഓർത്ത് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. താളിക്കുണ്ട് ബ്രദറൺ സഭയ്ക്കുവേണ്ടി ബാബു വർഗീസ്, വി.എ. ജോസഫ്, സി.പി.മണി. കത്തിടപാടുകൾക്കുള്ള വിലാസം എബനേസർ ബ്രദറൺ അസംബ്ലി പൊൻകണ്ടം, C/o ജോൺസൺ തോമസ് (സുവി.), പി.ഒ. ഒലിംകടവ് - 678 706, പൈതല, മംഗലം ഡാം, പാലക്കാട് ജില്ല

**ബൈസൺവാലി (ഇടുക്കി)** : സഭാരൂപീകരണം ലക്ഷ്യമാക്കി 2009 ജനു. മുതൽ ഈ സ്ഥലത്ത് പ്രാർത്ഥനയോടെ പ്രവർത്തിച്ചു വരുന്നു. ആത്മഹത്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ നമ്മുടേതായ പ്രവർത്തനങ്ങൾ നടക്കാതിരുന്നതിനാൽ സത്യ സുവിശേഷം ഇവർക്ക് അന്യമാണ്. തോട്ടം തൊഴിലാളികളും കുടിയേറ്റ കർഷകരും മുതുവാൻ, മന്നാൻ തുടങ്ങിയ ആദിവാസികളും തിങ്ങിപ്പാർക്കുന്ന ഈ ഭൂപ്രദേശം അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ദുരുപദേശങ്ങളുടെയും വിളനിലമാണ്. 2009 ഏപ്രിൽ 6 -8 വരെ അനുഗ്രഹീതമായ ഒരു ക്യാമ്പയിൻ പ്രവർത്തനം നടത്തുവാനും പലരും കർത്താവിനെ കണ്ടുമുട്ടുവാനും ഇടയായിട്ടുണ്ട്. ഇവിടെ നമ്മുടേതായ ഒരു കൂടിവരവ് ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നു. പ്രവർത്തനത്തിന് ആത്മഭാരമുള്ള സഹോദരന്മാരെ സഭയായും വ്യക്തികളായും ക്ഷണിക്കുന്നു. കടന്നു വന്നു സഹകരിക്കുവാൻ കർത്താവ് പ്രേരണ നൽകുന്നവർ വി.എം. പോൾ (ഇവാ.), വാഴക്കാലായിൽ ഹൗസ്, രാജകുമാരി സൗത്ത് പി.ഒ., 685619 (ഫോൺ : 9446224941) എന്ന വിലാസത്തിൽ ബന്ധപ്പെടുക. എന്ന് വി.എം. പോൾ (ഇവാ.)

**ഝാൻസി** : എന്റെ Prostate- ന്റെ സർജറി അനുഗ്രഹമായി നടന്നു. എന്നാൽ ഇപ്പോഴും ചില പ്രയാസങ്ങൾ ഉണ്ട്. കൂടാതെ രണ്ട് കിഡ്നിയിലും സ്റ്റോൺ ഉണ്ട്. ഇപ്പോൾ ഇവയ്ക്കുള്ള ചികിത്സയിലാണ്. കർത്താവ് പൂർണ്ണ സൗഖ്യം തരുവാൻ ദൈവമക്കളുടെ പ്രാർത്ഥന അപേക്ഷിച്ചു കൊള്ളുന്നു. ജൂലൈ മുതൽ നടത്തുവാൻ ആഗ്രഹിക്കുന്ന ഔട്ട് റീച്ച് പ്രവർത്തനത്തെയും നവം. 12 - 15 വരെയുള്ള സീക്കേഴ്സ് ക്യാമ്പിനെയും പ്രാർത്ഥനയിൽ ഓർത്താലും. എന്ന് Evg. Philipose P.P., Gospel Home, 196 C.P., Mission Compound, Jhansi U.P.-284003

## രോഗികൾ

**കട്ടപ്പന**: കട്ടപ്പന ബ്രദറൺ സഭയിലെ സഹോദരി രമ മാത്യുവിന് 5 ഓപ്പറേഷനുകൾ ചെയ്യേണ്ടി വന്നിരുന്നു. ഇതിലൂടെ യൂട്രസ്, ഒരു കിഡ്നി എന്നീ ആന്തരീക അവയവങ്ങൾ തന്റെ ശരീരത്തിൽ നിന്നും നീക്കം ചെയ്യേണ്ടി വന്നു. ഈ നിലയിൽ കഷ്ടപ്പെട്ട് കഴിയുന്ന സഹോദരിക്ക് ഈ ജൂലൈ മാസത്തിൽ ഒരു ഓപ്പറേഷൻ കൂടി ചെയ്യണമെന്ന് (ഇൻസഷൻ ഹിരണിയ) ഡോക്ടേഴ്സ് വിധിച്ചിരിക്കുന്നു. കെട്ടിട നിർമ്മാണ തൊഴിലാളിയായ തന്റെ ഭർത്താവ് ജോയി മാത്യുവിന്റെ ചെറിയ വരുമാനം കൊണ്ട് കുടുംബം പുലർത്തുന്നതിനോടൊപ്പം വലിയ സാമ്പത്തീക ചെലവ് വരുന്ന ഈ ഓപ്പറേഷൻ എങ്ങനെ ചെയ്യുമെന്ന ഭാരത്തിലാണീ കുടുംബം. ആയതിനാൽ ഈ പ്രിയ സഹോദരിയെ ഓർത്ത് പ്രാർത്ഥിക്കുന്നതിനും സാമ്പത്തീക സഹായം ചെയ്യുന്നതിനും ദൈവജനം ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഹായം അയക്കേണ്ട വിലാസം രമാ മാത്യു, വള്ളിയിൽ ഹൗസ്, മുളക്കരമേട് പി.ഒ., കട്ടപ്പന - 685515, ഇടുക്കി. എന്ന് എം.കെ. ജോയൽ, റ്റി.കെ. കുഞ്ഞുമോൻ, ദേവസ്യാ തോമസ്.

**തിരുവനന്തപുരം** : ചെങ്കൽച്ചൂള സഭാ സുവി. സി. ശശിയുടെ ഭാര്യയുടെ വയറിനുള്ളിൽ അനേക മുഴകൾ ഉള്ളതായി മനസ്സിലാക്കുകയും തുടർന്ന് എത്രയുംവേഗം ശസ്ത്രക്രിയ നടത്തുന്നതിനായി ഡോ. നിർദ്ദേശിക്കുകയും ചെയ്തു. ഈ ശസ്ത്രക്രിയ ചെയ്യുന്നതിലേക്കായി 40000 രൂപയുടെ ആവശ്യമുണ്ട്. കഴിഞ്ഞ 12 വർഷമായി പൂർണ്ണമായും കർത്താവിന്റെ വേല ചെയ്യുന്ന സുവി. ശശിക്ക് ഒരു ചറിയ സംഖ്യപോലും കണ്ടെത്താൻ കഴിയുന്ന സാഹചര്യത്തിലല്ല. സഹോദരിയുടെ അസുഖത്തിന്റെ ഗുരുതരാവസ്ഥ മനസ്സിലാക്കി ഡോക്ടർമാർ കർശനമായി ഓപ്പറേഷന്റെ കാര്യം നിർദ്ദേശിച്ചിരിക്കുന്നത് കൊണ്ട് ഞങ്ങളുടെ ഈ അവസ്ഥയിൽ ദൈവമക്കൾ ഓപ്പറേഷന്റെ സഹായത്തിനായി കൂട്ടായ്മയിൽ സഹായിക്കുകയും പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. വിലാസം (EVG) C. Sasi, TC 22/3222 (9), Rajani Bhavan, Panayil, Attukal, Manacaudu. P.O, Trivandrum 695009 എന്ന് സി. ശശി. മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യവും സഭയ്ക്ക് ബോധ്യമുള്ളതും ആകയാൽ പ്രിയ സഹോദരിയുടെ ഓപ്പറേഷനുവേണ്ടി ദൈവമക്കളുടെ വിലയേറിയ കൂട്ടായ്മയ്ക്കും പ്രാർത്ഥനയ്ക്കും അർഹയാണെന്ന് ചെങ്കൽച്ചൂള സഭ ശുപാർശ ചെയ്യുന്നു. എന്ന് ഗണേഷ്കുമാർ കെ. നാഗരാജൻ. എൽ. യോഹന്നാൻ.

## മഹത്വത്തിൽ



**ആറന്മുള** : ഇടശ്ശേരിമല കാരമുട്ടിൽ പരേതനായ നൈനാൻ വർഗീസിന്റെ മകൾ റിട്ട. അദ്ധ്യാപിക കുഞ്ഞമ്മ വർഗീസ് (85) 19-5-09 ന് കർത്താവിൽ നിര്യാതയായി. അനേക വിശ്വാസികളുടെയും ബന്ധു മിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ മൃതദേഹം ഇടശ്ശേരിമല ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും. പരേത എളിമയിൽ ജീവിച്ച് ദൈവമക്കളെ സ്നേഹിച്ചും സഹായിച്ചും ദേശത്ത് സാക്ഷ്യം പുലർത്തി വന്നിരുന്നു. സഹോദരങ്ങൾ: പരേതയായ മറിയാമ്മ(കോതമംഗലം), പരേതയായ മേരിക്കുട്ടി (തടിയൂർ), ഏലിയാമ്മ ജോർജ്ജ് (പരിയാരം), അന്നമ്മ മത്തായി (ഇലന്തൂർ), പരേതയായ തങ്കമ്മ (മാരാമൺ), ഏബ്രഹാം വർഗീസ് (ഇടയാന്മുള). എന്ന് ബേബി മത്തായി മേമന, ഇലന്തൂർ.

**എരുമേലി പൊര്യൻമല :** പൊര്യൻമല ബ്രദ്റൺ സഭാ മൂപ്പന്മാരിൽ ഒരളായിരുന്ന പേക്കാവുങ്കൽ പരേതനായ ജോൺ പത്രോസിന്റെ സഹധർമ്മിണി റാഹേലമ്മ (85) 13-5-09 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗമശരീരം അനേകം കർത്തൃദാസന്മാരുടെയും ദൈവമക്കളുടെയും സാന്നിദ്ധ്യത്തിൽ 4-5 -09 ന് ഉയിർപ്പിൻ പ്രഭാതത്തിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയിൽ പൊര്യൻമല ബ്രദ്റൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. സഭയ്ക്കുവേണ്ടി സുവി. എം.എൽ തോമസ്.



**കൊമ്പനാട്** : ക്രാരിയേലി മുല്ലപ്പിള്ളിമാലി എം.ഡി. വർഗീസ് (85) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 40 വർഷം സണ്ടേസ്കൂൾ അദ്ധ്യാപകനായിരുന്നു. വേങ്ങൂർ, കോടനാട്, മേയ്ക്കപ്പാല, കൊച്ചുപുരയ്ക്കൽ കടവ്, ക്രാരിയേലി എന്നിവിടങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. കൊമ്പനാട് ബ്രദറൺ സഭയുടെ ക്രാരിയേലിയിലുള്ള സെമിത്തേരിയിൽ സംസ്കാരം നടത്തി. ദുഃഖത്തിലിരിക്കുന്ന പ്രിയപ്പെട്ടവരെ പ്രാർത്ഥനയിൽ ഓർക്കുക. സഭയ്ക്കുവേണ്ടി എം.വി. വർക്കി, പി.വി. തങ്കപ്പൻ.

## അഭ്യർത്ഥന

**വെച്ചൂർ (കോട്ടയം)** : തിരുവനന്തപുരം വെള്ളറട സ്ഥലം സഭയിൽ നിന്ന് സുവിശേഷ വേലയ്ക്കായി വേർതിരിഞ്ഞ സഹോ. എം.സി. ജോൺ 2003 മുതൽ കോട്ടയം ജില്ലയുടെ കായലോരപ്രദേശമായ വെച്ചൂരിൽ കുടുംബമായി താമസിച്ചുകൊണ്ട് കർത്താവിന്റെ വേല ചെയ്തു വരുന്നു. 2005 ഏപ്രിൽ 24 ന് ഒരു കൂടിവരവ് ആരംഭിക്കുവാൻ കർത്താവ് കൃപ ചെയ്തു. കർത്തൃമേശയിൽ 18 പേർ പങ്കെടുത്തുവരുന്നു. എം.സി. ജോണിന്റെ ഭവനത്തിലെ പരിമിതമായ സാഹചര്യത്തിലാണ് സഭാകൂടിവരവ് നടക്കുന്നത്. ഇവിടെ ഒരു ഹാളിനുവേണ്ടി ഞങ്ങൾ സഭയായി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു.

ഇവിടെ റോഡ് സൈഡിൽ (കുമരകം-വൈക്കം) സൗകര്യപ്രദമായ 10 സെന്റ് സ്ഥലം സെന്റിന് 80,000/- രൂപ വിലവെച്ച് ലഭ്യമാണ്. ഈ സ്ഥലം എസ്.എ.ഐ. യുടെ പേരിൽ വാങ്ങി 40 X 20 അളവിൽ ഒരു ഹോൾ പണിയുവാൻ ആഗ്രഹിക്കുന്നു. സ്ഥലത്തിനും ഹാൾ പണിക്കുമായി മൊത്തം 13 ലക്ഷം രൂപയോളം വേണ്ടി വരും. ഇവിടുത്തെ വിശ്വാസികൾ എല്ലാവരും സാമ്പത്തീകമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. ആയതിനാൽ ഈ സ്ഥലം സഭയുടെ പുരോഗതിയെ കരുതി ദൈവജനങ്ങൾ വ്യക്തികളായും സഭയായും പ്രാർത്ഥിക്കുകയും ആവശ്യമായ സാമ്പത്തീക സഹായം നൽകുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ആവശ്യത്തിലേക്കായി എസ്.ബി.റ്റി. വെച്ചൂർ ബ്രാഞ്ചിൽ സുവി. എം. സി. ജോൺ, ഏബ്രഹാം തോമസ് എന്നിവരുടെ പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. (A/c No. 67081444354) സംഭാവനകൾ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കണമെന്ന് അപേക്ഷിക്കുന്നു. M.C. John (Evg.), Snehalayam, Ambikamarket P.O. Kottayam - 686 144 എന്ന് വെച്ചൂർ സഭയ്ക്കുവേണ്ടി ബി.സി. ബാബു, റ്റി.എ. സെബാസ്റ്റ്യൻ, എം.സി. ജോൺ. ഈ സ്ഥലത്തെ പ്രവർത്തനത്തെക്കുറിച്ചും സഭാഹാളിന്റെ ആവശ്യത്തെക്കുറിച്ചും ഞങ്ങൾക്ക് ബോദ്ധ്യമുണ്ട്. ഈ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിനും ഇടയായിട്ടുണ്ട്. ഈ ആവശ്യത്തെ കരുതി വിശ്വാസികൾ ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കെ.പോൾ തോമസ്, മാത്യു ചെറിയൻ, മാത്യു ഏബ്രഹാം.

## സുവിശേഷ വയലിലേക്ക്

**കാട്ടാക്കട :** കാട്ടാക്കട ബ്രദ്റൺ ബിലീവേഴ്സ് അസംബ്ലിയുടെ പ്രവർത്തന ഫലമായി ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും സി. അജി രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട് 12 വർഷമായി ഈ സഭാ കൂട്ടായ്മയിലാണ്. തുടർന്ന് BTh, B.D. ബിരുദങ്ങൾ പൂർത്തിയാക്കി കഴിഞ്ഞ നാളുകളിൽ സഭയിലും മറ്റു സുവിശേഷ പ്രവർത്തനങ്ങളിലും സജീവമായി തുടരുകയും തന്റെ സുവിശേഷ വേലക്കു വേണ്ടിയുള്ള ദൈവവിളി സഭയ്ക്ക് ബോദ്ധ്യപ്പെടുകയും ചെയ്തതിനാൽ സഹോദരനെ സുവിശേഷകനായി പരിചയപ്പെടുത്തുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇപ്പോൾ ത്രിപുരയിൽ "പാണി സാഗർ" എന്ന സ്ഥലത്ത് സുവി. തോമസ് കെ. ജോസഫിനോട് ഒരുമിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സഹോദരന് ദൈവജന

ത്തിന്റെ പ്രാർത്ഥനയും സഹകരണവും ആവശ്യമായിരിക്കുന്നു. വിലാസം : സി. അജി, C/o ജോയി മാത്യു, പാണി സാഗർ പി.ഒ., ധർമ്മ നഗർ, നോർത്ത് ത്രിപുര - 799260 എന്ന് സഭയ്ക്കുവേണ്ടി ജ്യോതിഷ്, ഭാസ്കരൻ പി., എം. ക്രിസ്തുദാസ്.

## വിവിധ വിഷയങ്ങൾ

**കൊല്ലം സഹോദരീ ഭവൻ :** 6 മാസ ബൈബിൾ കോഴ്സിന്റെ 10 ബാച്ച് വളരെ വിജയകരമായി നടന്നു. എന്നാൽ 11-ാം ബാച്ച് എല്ലാ നിലയിലും അല്പം വ്യത്യസ്ഥം ആക്കേണ്ടി വന്നു. കോഴ്സിന്റെ കാലാവധി ഒരു വർഷവും മാദ്ധ്യമം ഇംഗ്ലീഷും ആക്കി. 15 വിദ്യാർത്ഥികൾ ചേർന്നു പഠിച്ചു. ബൈബിൾ പഠനത്തോടൊപ്പം സ്പോക്കൺ ഇംഗ്ലീഷും തയ്യലും പഠിപ്പിച്ചു. ആ പുതിയ കാൽവയ്പ് ദൈവം വളരെ അനുഗ്രഹകരമാക്കിത്തീർത്തു. വിവധ നിലകളിൽ ഈ ശുശ്രൂഷയ്ക്ക് സഹായമായിരുന്നവരോടും പ്രാർത്ഥനയിൽ തുണയായിരുന്ന ഏവരോടുമുള്ള നന്ദിയും അറിയിച്ചു കൊള്ളുന്നു. സോദരീ ഭവനിലെ വിവിധ നിലകളിലുള്ള ശുശ്രൂഷകൾക്കായികടന്നു വരുന്ന സഹോദരന്മാരെ പാർപ്പിക്കുവാൻ ആവശ്യമായ ഒരു ഗസ്റ്റ്ഹൗസിന്റെ പണി കഴിഞ്ഞ മാസം ആരംഭിച്ചു. പണിതുകൊണ്ടിരിക്കുന്നു. ബൈബിൾസ്കൂൾ ആരംഭിക്കുന്നതിനു മുമ്പേ പൂർത്തീകരിച്ചു കിട്ടേണ്ടതിനായി പ്രാർത്ഥിക്കണമേ. സോദരീഭവനിൽവെച്ച് നടത്തിവരുന്ന ഇംഗ്ലീഷ് മീഡിയം ബൈബിൾ സ്കൂളിന്റെ 2-ാം ബാച്ച് ജൂൺ 13 ന് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ചേർന്ന് പഠിക്കുവാൻ ആഗ്രഹിക്കുന്നവർ രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് സ്ഥലം സഭയിൽ കൂട്ടായ്മയിൽ തുടരുന്നവർ 17 വയസിനുമേൽ പ്രായം ഉള്ളവർ കുറഞ്ഞത് എസ്.എസ്.എൽ.സി. വരെ പഠിച്ചിട്ടുള്ളവരുമായ യുവസഹോദരിമാർക്ക് അപേക്ഷിക്കാവുന്നതാണ്. വളരെ കുറച്ച് സീറ്റുകൾ മാത്രം ഉള്ളതിനാൽ എത്രയം വേഗം ഫാറം പൂരിപ്പിച്ച് അയയ്ക്കുവാൻ ഉത്സാഹിക്കുക. സോദരീഭവനുവേണ്ടി Joys Mathew, Secretary & Treasurer, Sodari Bhavan, Anjily Road-11, Near Sanker's Hospital, Kollam -691001. Ph. No: 0474 2744846.

**വൃന്ദാവനം :** വൃന്ദാവനം ബ്രദ്റൺ സഭാഹാൾ നിർമ്മാണം പൂർത്തിയായിരിക്കുന്നു. സഹകരിച്ച സഭകൾക്കും സഹോദരീ സഹോദരന്മാർക്കും നന്ദി അറിയിക്കുന്നു. നിർമ്മാണത്തിന്റെ ആവശ്യത്തിലേക്ക് ആരംഭിച്ച ബാങ്ക് അക്കൗണ്ട് നിർത്തിയിരിക്കുന്നു. ആകയാൽ തുടർന്ന് ഇതിനായി സുവി. വി.എം. ജോൺ, ജോൺസ് വില്ല, ചേത്തയ്ക്കൽ പി.ഒ. എന്ന വിലാസത്തിൽ സഹായം അയയ്ക്കാൻ ആവശ്യം ഇല്ല എന്ന് അറിയിച്ചുകൊള്ളുന്നു. എന്ന് വി.എം. ജോൺ, സി.കെ. ലോറൻസ്


RN.No. 36067/ 81
Postal Reg. No. KL/TLA/44/2009-11 dt.14-11-08

ആത്മപ്രകാശിനി

If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George
at Excel Offset Printers, Omallor



## TIRUVALLA MEDICAL MISSION

P.B.No.50, Tiruvalla- 689101. Tel#0469- 2630144/45/46

**Diploma in General Nursing**

Applications are invited from female candidates for admission to Diploma in General Nursing and Midwifery course of 3 1/2 years to be commenced from 01.10.2009.

Eligibility : Candidate should be a resident of Kerala State and should have passed Plus two / equivalent with Physics, Chemistry and Biology as optional subjects with minimum 45% marks. Age between 17-27 years as on 01.06.2009.

Application form can be obtained from the office of the Principal, School of Nursing on payment of Rs. 100/- Last date of receipt of filled application is on 01.07.2009.

Diploma in Medical Laboratory Technology & Diploma in Medical Records Technology. Applications are invited from candidates for admission to the above courses approved by CMAI.

Eligibility:Passed Pre Degree/ Plus Two/ Equivalent examination.

Application form can be obtained from the Administrator's Office on payment Rs. 100/-Last date of Application is 15.06.2009.Sam Abraham Parayil, Administrator